2016 ജൂലൈ 25
വാല്യം 09
ലക്കം 14

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ഐ. പി. സി. ജനറൽ ഇലക്ഷൻ ആഗസ്റ്റ് 10-ന്

## പാസ്റ്റർ ജേക്കബ് ജോണിനും പാസ്റ്റർ കെ. സി. ജോണിനും പാസ്റ്റർ തോമസ് ഫിലിപ്പിനും എതിരില്ല


പാസ്റ്റർ ജേക്കബ് ജോൺ


പാസ്റ്റർ കെ. സി. ജോൺ


പാസ്റ്റർ തോമസ് ഫിലിപ്പ്

**കുമ്പനാട്:** ഐ. പി. സി. ജനറൽ ഇലക്ഷൻ ആഗസ്റ്റ് 10-ന് ഹെബ്രോൻപുരത്ത് നടക്കും. ജനറൽ പ്രസിഡന്റ്, ജനറൽ സെക്രട്ടറി സ്ഥാനങ്ങളിലേക്ക് പാസ്റ്റർ ജേക്കബ് ജോണും പാസ്റ്റർ കെ. സി. ജോണും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡന്റ് സ്ഥാനത്തേക്ക് സ്ഥാനാർത്ഥിയാകുമെന്ന് കരുതിയിരുന്ന പാസ്റ്റർ വത്സൻ ഏബ്രഹാം നോമിനേഷൻ നൽകിയില്ല. എന്നാൽ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് നോമിനേഷൻ നൽകിയ പാസ്റ്റർ ഫിലിപ്പ് പി. തോമസ് അവസാനനിമിഷം നോമിനേഷൻ പിൻവലിക്കുകയായിരുന്നു.

എന്നാൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് അഞ്ച് സ്ഥാനാർത്ഥികളാണ് രംഗത്തുള്ളത്. പാസ്റ്റർമാരായ തോമസ് കോശി, സണ്ണി ഫിലിപ്പ്, വിത്സൻ ജോസഫ്, ബി. മോനച്ചൻ, ജോർജ്ജ് മാത്യു എന്നിവരാണ് സ്ഥാനാർത്ഥികൾ. ഇതിൽ മൂന്നുപേർ അമേരിക്കൻ മലയാളികളാണ് എന്നത് ശ്രദ്ധേയമായി. ചിക്കാഗോയിൽ നിന്ന് പാസ്റ്റർ തോമസ് കോശി, ന്യൂയോർക്കിൽ നിന്ന് പാസ്റ്റർ സണ്ണി ഫിലിപ്പ്, ന്യൂജേഴ്സിയിൽ നിന്നും ഡോ. ജോർജ്ജ് മാത്യു എന്നിവരാണ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന അമേരിക്കൻ മലയാളികൾ.

ജനറൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്ന പാസ്റ്റർ സാം ജോർജ്ജിന്റെ പത്രിക സൂക്ഷ്മ പരിശോധനയിൽ തള്ളപ്പെട്ടത് സാങ്കേതികത്വത്തിന്റെ പേരിലായിരുന്നു. എന്നാൽ അത് പരിഹരിക്കുവാൻ അവസരം നൽകിയിട്ടും പാസ്റ്റർ സാം ജോർജ്ജ് അതിന് തുനിയാതെ പത്രിക തള്ളുവാൻ അവസരം ഉണ്ടാക്കുകയായിരുന്നു. തന്നോടൊപ്പം നിന്നവർ നടത്തിയ ഗൂഢാലോചനയും തനിക്കെതിരെയുള്ള നീക്കങ്ങളുമാണ് മത്സര രംഗത്തുനിന്ന് മാറുവാൻ തന്നെ പ്രേരിപ്പിച്ച ഘടകമെന്ന് പറയപ്പെടുന്നു. ജനറൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് പാസ്റ്റർ തോമസ് ഫിലിപ്പ് വെൺമണി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ജനറൽ ട്രഷറർ സ്ഥാനത്തേക്ക് ബ്രദർ സജി പോൾ, അഡ്വ. ജോൺസൺ സാമുവേൽ എന്നിവർ നേർക്കുനേർ മത്സരിക്കുന്നു. പാസ്റ്റർ വത്സൻ ഏബ്രഹാം, പാസ്റ്റർ ബേബി വർഗീസ്, ബ്രദർ രാജൻ ആര്യപ്പള്ളിൽ എന്നിവർ മത്സരരംഗത്ത് ഉണ്ടാകും എന്ന് പ്രതീക്ഷിച്ചിരുന്നു.

## സാക്ഷി



ചർച്ച് ഓഫ് ഗോഡിൽ വിശ്വാസികൾ വീണ്ടും കോടതിയിൽ

*സ്ഥാനമുറപ്പിക്കുവാനുള്ള ഭരണാധികാരിയുടെ കളികൾക്ക് ഇനിയും അന്തമായില്ലേ*

## റവ. റ്റിം ഹിൽ ജനറൽ ഓവർസീയർ



ചർച്ച് ഓഫ് ഗോഡ് സെക്രട്ടറി ജനറൽ John D. Childers, ഫസ്റ്റ് അസിസ്റ്റൻസ് ജനറൽ ഓവർസിയർ Raymond F. Culpepper, ജനറൽ ഓവർസിയർ Timothy M. Hill, സെക്കന്റ് അസിസ്റ്റന്റ് ജനറൽ ഓവർസിയർ J. David Stephens, തേർഡ് അസിസ്റ്റൻഡ് ജനറൽ ഓവർസിയർ David Ramirez.

## NACOG - 2017

## ഭാരവാഹികളെ തെരഞ്ഞെടുത്തു.


പാ. മാത്യു കെ. ഫിലിപ്പ്


ബിജു തോമസ്


ബിനോയ് മാത്യു


റോബിൻ രാജു

**ഹൂസ്റ്റൺ:** 2017-ൽ ഹൂസ്റ്റണിൽ നടക്കുന്ന 22-ാമത് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫറൻസ് ഭാരവാഹികളെ തെരഞ്ഞെടുത്തു 21-ാമത് സമ്മേളനത്തോടനുബന്ധിച്ചു ടൊറാന്റയിൽ കൂടിയ പൊതുസമ്മേളനത്തിൽ വെച്ചാണു ഭാരവാഹികളെ തെരഞ്ഞെടുത്തത്. പ്രസിഡന്റ് പാസ്റ്റർ മാത്യു കെ. ഫിലിപ്പ് (ഹൂസ്റ്റൺ), വൈസ് പ്രസിഡന്റ് പാസ്റ്റർ ബെഞ്ചമിൻ തോമസ് (ന്യൂയോർക്ക്), സെക്രട്ടറി ബിജു തോമസ് (ഡാളസ്), ട്രഷറർ ബിനോയ് മാത്യു (ന്യൂയോർക്ക്), യൂത്ത് കോർഡിനേറ്റർ റോബിൻ രാജു (ഡാളസ്), മീഡിയ കോർഡിനേറ്റർ ഷാജി വെണ്ണിക്കുളം (അറ്റ്ലാന്റാ).

## അഭ്യർത്ഥന

*കർത്താവിൽ പ്രിയ ദൈവദാസനും സഭയ്ക്കും ക്രിസ്തീയ വന്ദനം!*

ഈ വരുന്ന ഐ. പി. സി. ജനറൽ ഇലക്ഷനിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. താങ്കളുടെയും സഭയുടെയും പ്രാർത്ഥന അപേക്ഷിക്കുന്നതിനോടൊപ്പം എന്നെ പരിചയപ്പെടുത്തുവാനും ആഗ്രഹിക്കുന്നു.

ചെങ്ങന്നൂർ കാടുവെട്ടൂർ കുടുംബാംഗമായ ഞാൻ റാന്നിയുടെ സമീപ പ്രദേശമായ കൊറ്റനാട് എന്ന് സ്ഥലത്താണ് വളർന്നത്. എളിയ സാഹചര്യങ്ങളിൽ വളർന്ന എനിക്ക് പഠനത്തിലും മറ്റും മുൻപന്തിയിൽ എത്തുവാൻ സർവ്വകൃപാലുവായ ദൈവം സഹായിച്ചു. ആത്മീയ ശിക്ഷണത്തിൽ വളർന്നുവന്ന എനിക്ക് ഐ. പി. സി. സണ്ടേ സ്കൂൾ, പി. വൈ. പി. എ. മത്സരങ്ങളിൽ സംസ്ഥാന തലത്തിൽ സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. റാന്നി സെന്റ് തോമസ് കോളേജിൽ നിന്നും ബി. എസ്സി. ഫസ്റ്റ് ക്ലാസ്സോടെ 1976-ൽ പാസ്സായി. 1977-ൽ ന്യൂയോർക്കിൽ എത്തി. ഇവിടെയുള്ള പോളിടെക്നിക് യൂണിവേഴ്സിറ്റിയിൽ നിന്നും കെമിക്കൽ എഞ്ചിനീയറിംഗ് ബിരുദം എടുത്തു. ജോലിയിൽ ആയിരിക്കുമ്പോൾ ദൈവവിളി ഉണ്ടായി. തുടർന്ന് സുവിശേഷ വേലയിൽ വ്യാപൃതനായി. പിന്നീടു തിയോളജിയിൽ എം. എ. എടുത്തു. അമേരിക്കയിലെ ഒരു സെമിനാരി Ed.D (Hon). നൽകി മാനിച്ചു.

എട്ടാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ട ഞാൻ 13-മത്തെ വയസ്സിൽ വിശ്വാസസ്നാനം സ്വീകരിച്ചു. 20 വയസ്സുള്ളപ്പോൾ അഭിഷേകം പ്രാപിച്ചു. 13 വയസ്സു മുതൽ പ്രസംഗം ആരംഭിച്ചു. 17 വയസ്സുമുതൽ സണ്ടേസ്കൂൾ, പി. വൈ. പി.എ. തലങ്ങളിൽ നേതൃത്വം നൽകി. 25 വയസ്സിൽ ന്യൂയോർക്കിൽ പി. വൈ. എഫ്. എ. ആരംഭിച്ചു. എല്ലാ സഭകളുടെയും ഒത്തൊരുമിച്ചുള്ള ഈ യുവജനക്കൂട്ടായ്മ 35 വർഷങ്ങൾക്കുശേഷം ഇന്നും ശക്തമായി മുന്നേറുന്നു. 1988-ൽ ഓർഡിനേഷൻ ലഭിച്ചു. 1989-ൽ ഐ. പി. സി.യുടെ ഒരു സഭ ന്യൂയോർക്കിൽ തുടങ്ങി. 18 വർഷം അതിന്റെ പാസ്റ്റർ ആയിരുന്നു. 2003-ൽ ഇപ്പോൾ ഗേറ്റ്വേ എന്നറിയപ്പെടുന്ന അന്തർദേശീയ സഭ തുടങ്ങി. ഇപ്പോൾ അതിന്റെ സീനിയർ പാസ്റ്ററായി പ്രവർത്തിച്ചുവരുന്നു.

1994 മുതൽ ഐ. പി. സി.യുടെ വടക്കേ ഇന്ത്യയിലുള്ള പ്രവർത്തനങ്ങളിൽ സഹകരിച്ചു പോരുന്നു. 2008 മുതൽ ഐ. പി. സി. മദ്ധ്യപ്രദേശ് സ്റ്റേറ്റിന്റെ പ്രസിഡന്റ് എന്ന ചുമതല ഐ. പി. സി. നേതൃത്വം എന്നെ ഏൽപ്പിച്ചു. 24 സഭകൾ മാത്രമുണ്ടായിരുന്ന ഈ സ്റ്റേറ്റിൽ ഇന്ന് 200-ൽ അധികം സഭകൾ ഉണ്ട്. 1996 മുതൽ ലോകത്തിന്റെ എല്ലാ ഭൂഖണ്ഡങ്ങളിലും പോയി കൺവൻഷനുകളിലും, കോൺഫറൻസുകളിലും, ശുശ്രൂഷിക്കുവാൻ ദൈവം സഹായിക്കുന്നു. രണ്ടു പുസ്തകങ്ങൾ മലയാളത്തിലും മൂന്നു പുസ്തകങ്ങൾ ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലേഖനങ്ങൾക്ക് വിവിധ ക്രൈസ്തവ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1977-ൽ തിരുവല്ല താഴാംപള്ളത്തു പാസ്റ്റർ ടി. ജി. ഈശോയുടെ മകൾ മേഴ്സിയെ വിവാഹം ചെയ്തു. വിവാഹിതരായ മൂന്നു മക്കളും മൂന്നു കൊച്ചുമക്കളും ഉണ്ട്.



ദൈവം എനിക്ക് നൽകിയ താലന്തുകളും സമയവും ഐ. പി. സി. എന്ന മഹൽ പ്രസ്ഥാനത്തിന്റെ പുരോഗതിക്കും നന്മയ്ക്കുമായി ഉപയോഗിക്കുവാൻ കൃപയാൽ എനിക്ക് കഴിയുന്നു. നിങ്ങളുടെ സഹകരണവും പിന്തുണയും പ്രാർത്ഥനയും ഉണ്ടെങ്കിൽ അടുത്ത മൂന്നു വർഷം ഐ. പി. സി. ജനറൽ വൈസ് പ്രസിഡന്റ് ആയി സേവനം അനുഷ്ഠിപ്പാനും ദൈവം എനിക്കു നല്കിയിട്ടുള്ള കഴിവുകൾ കേരളത്തിലും പുറത്തും സഭയുടെ നന്മയ്ക്കായി ഉപയോഗിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. സഭയുടെ നന്മ ലക്ഷ്യമാക്കിയും സഭയുടെ പുരോഗതിക്കായും എന്നാൽ കഴിയുവോളം പ്രവർത്തിക്കും എന്ന് ഞാൻ ഉറപ്പ് തരുന്നു. ദയവായി നിങ്ങളുടെ പിന്തുണയും പ്രാർത്ഥനയും ഞാൻ അപേക്ഷിക്കുന്നു. ഈ വരുന്ന ജനറൽ കൗൺസിൽ ഇലക്ഷനിൽ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായ എനിക്ക് നിങ്ങളുടെ വോട്ട് നൽകി പിന്തുണയ്ക്കണം എന്ന് അപേക്ഷിക്കുന്നു.

*ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ!*

*ക്രിസ്തുവിൽ നിങ്ങളുടെ സ്വന്തം,*

പാസ്റ്റർ സണ്ണി ഫിലിപ്പ്
ഐ. പി. സി. മദ്ധ്യപ്രദേശ് സ്റ്റേറ്റ് പ്രസിഡന്റ്

9847505361(Kerala)
pastorp@gmail.com

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# വിഭാഗീയത ഉളവാക്കുന്ന തെരഞ്ഞെടുപ്പുകൾ






ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

**ഐ.** പി. സി. ജനറൽ ഇലക്ഷന്റെയും ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ തെരഞ്ഞെടുപ്പിന്റെയും വാർത്തകളാണ് ഇപ്പോൾ നിറഞ്ഞുനിൽക്കുന്നത്. തരംതാണ രാഷ്ട്രീയ കളികളാലാണ് ഈ തെരഞ്ഞെടുപ്പുകൾ ശ്രദ്ധേയമായത്. ആരോഗ്യകരമായ മത്സരം ഇന്ന് പരസ്പര വിദ്വേഷത്തിന്റെയും വിഭാഗതീയതയുടെയും കൂത്തരങ്ങായി മാറിയിരിക്കുന്നു. ഒരുകാലത്ത് ജനറൽ കൗൺസിൽ അംഗമാകുവാൻ ആളില്ലാതെയിരുന്നു. അക്കാലത്ത് ആളുകളെ നേതൃത്വത്തിലുള്ളവർ നോമിനേറ്റ് ചെയ്യുകയായിരുന്നു. കാരണം സ്ഥാനമാനങ്ങളോടുള്ള വിരക്തി മൂലം പലരും ഇതിൽ നിന്നെല്ലാം മാറി നിൽക്കുമായിരുന്നു. കാലങ്ങൾ കഴിഞ്ഞപ്പോൾ സ്ഥിതി മാറി. എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്കുള്ള മത്സരത്തിന് ഇരുപത്തിയഞ്ചുലക്ഷം രൂപ നൽകിയെങ്കിൽ മാത്രമേ പാനലിൽ ഉൾപ്പെടുത്തുകയുള്ളൂ എന്നൊക്കെയാണ് പിന്നാമ്പുറത്തെ കേൾവി. സംഗതി എന്തായിരുന്നാലും ലക്ഷക്കണക്കിനു രൂപ മുടക്കിയെങ്കിൽ മാത്രമേ ഒരാൾക്ക് എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ജയിച്ച് കയറുവാൻ കഴിയുകയുള്ളൂ.

പാനൽ ചർച്ചകളും അന്തർനാടകങ്ങളും അരങ്ങ് കൊഴുപ്പിച്ച ഇത്തവണത്തെ ജനറൽ ഇലക്ഷനിൽ നടന്ന കാലുവാരലും പാരവെയ്പ്പുമൊക്കെ നമ്മുടെ നേതാക്കന്മാരുടെ ആത്മീക പാപ്പരത്വം വ്യക്തമാക്കുന്നതായിരുന്നു. സ്റ്റേജുകളിൽ തിളങ്ങുന്ന ആത്മീയ മുഖത്തിന് അപ്പുറം മറ്റൊരു മുഖം കൂടി ഉണ്ട് എന്ന് വെളിവാക്കുന്ന അനാത്മീകതയാണ് ഇക്കുറി വെളിപ്പെട്ടത്. ജനാധിപത്യ സംവിധാനത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഐ. പി. സി. എന്ന പ്രസ്ഥാനത്തിന് തെരഞ്ഞെടുപ്പ് അനിവാര്യം തന്നെയാണ്. എന്നാൽ അത് രണ്ട് വിഭാഗങ്ങളായി അകന്നുനിൽക്കത്തക്ക നിലയിൽ വിദ്വേഷം ഉണർത്തുന്നതായപ്പോൾ അത് ദുഃഖകരമായി മാറി. പരസ്പരം മിണ്ടുവാനും സഹകരിക്കുവാനും കഴിയാത്ത നിലയിൽ അകൽച്ച സൃഷ്ടിക്കുന്ന ഇത്തരം തെരഞ്ഞെടുപ്പുകൾ നമ്മുടെ പ്രസ്ഥാനത്തിന് യോജിച്ചതാണോ എന്ന് നമ്മൾ പുനൽവിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

കേരളാ സ്റ്റേറ്റിൽ നിയോജക മണ്ഡലം തിരിച്ച് നടത്തിയ തെരഞ്ഞെടുപ്പ് ഒരു പരിധി വരെ പ്രയോജനകരം തന്നെയാണ്. അതുപോലെ ജനറൽ കൗൺസിൽ ഇലക്ഷനും വോട്ട് ചെയ്യുവാൻ ലോകമെങ്ങുമുള്ള ഐ. പി. സി. ശുശ്രൂഷകർക്കും പ്രതിനിധികൾക്കും സാവകാശം ലഭിക്കത്തക്ക നിലയിൽ ക്രമീകരണം ഉണ്ടാക്കണം. എല്ലാവരും കുമ്പനാട്ട് എത്തുന്ന രീതിക്ക് അറുതി വരുത്തിയാൽ തന്നെ ഒരു പരിധി വരെ ഇന്നത്തെ രാഷ്ട്രീയ അതിപ്രസരത്തിന് ശമനം വരുത്തുവാൻ കഴിയും. ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്ന് എക്സിക്യൂട്ടീവ്സിനെ തെരഞ്ഞെടുക്കുന്ന രീതി കൊണ്ടുവന്നാൽ ഇന്നത്തെ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരവും ആകും. എല്ലാ മേഖലയിൽ നിന്നുള്ളവർക്കും പ്രാതിനിധ്യം നൽകുകയും വ്യാജ വോട്ടർമാരെയും മറ്റും ഒഴിവാക്കുകയും ചെയ്താൽ വോട്ടിന് നോട്ട് എന്ന നാണക്കേടും ഒഴിവാക്കാം.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ തെരഞ്ഞെടുപ്പും പെന്തെക്കോസ്ത് സമൂഹത്തിന് നാണക്കേട് ഉളവാക്കുന്ന ഒന്നായി മാറിയിരിക്കുന്നു. അധികാര കസേര വിട്ടൊഴിയുവാൻ ഉള്ള താല്പര്യകുറവ് തന്നെയാണ് മുളക്കുഴയിൽ ഇപ്പോൾ നടക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം. പ്രിഫറൻസ് ബാലറ്റ് നടത്തിക്കാതിരിക്കുവാൻ കോടതിയിലേക്ക് പോകുക സഭയുടെ ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്ന സൂപ്രണ്ടിനെ പോലീസിനെക്കൊണ്ട് തടയുക. അതിനുവേണ്ടി വിശ്വാസികളെയും ശുശ്രൂഷകന്മാരെയും തമ്മിൽ തല്ലിക്കുക തുടങ്ങിയ നാടകങ്ങൾ ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിലെ കറുത്ത അദ്ധ്യായമായി മാറി. ജനപിന്തുണയുള്ള വ്യക്തിക്കെതിരെ നടത്തുന്ന അപവാദപ്രചരണങ്ങൾ ഊമക്കത്തുകൾ ഇവയെല്ലാം നാണക്കേടായി ലോകത്തിനുമുമ്പിൽ മാറി. കുമ്പനാടും മുളക്കുഴയിലും നടക്കുന്ന രാഷ്ട്രീയ കളികളുടെ ലാഭം കൊയ്യുന്നത് വിരലിൽ എണ്ണാവുന്നവർ മാത്രമാണ്, പക്ഷെ ബലിയാടാകുന്നതോ ആയിരക്കണക്കിന് വരുന്ന ശുശ്രൂഷകരും വിശ്വാസികളും. അവരാണ് സമൂഹത്തിൽ മറ്റുള്ളവരെ അഭിമുഖീകരിക്കേണ്ടത്. അവരാണ് പൊതുജനത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടി വരുന്നത്. ആത്മാവിനാൽ ഭരിച്ചു നടത്തപ്പെടുന്നു എന്നഭിമാനിക്കുന്നവർ നടത്തുന്ന ഇത്തരം തരംതാണ കളികളിലൂടെ സമൂഹത്തിൽ നാണക്കേട് അനുഭവിക്കുന്നത് സാധാരണക്കാരായ ശുശ്രൂഷകരും വിശ്വാസികളും തന്നെ. വേണം നമുക്കുമൊരു മാനസാന്തരം. അതിനുവേണ്ടത് അൽപ്പം ലജ്ജയും.

**യുവജന പംക്തി**

# യുവജനങ്ങൾ No പറയേണ്ട 10 കാര്യങ്ങൾ



ബിനു വടശ്ശേരിക്കര

**ജീ**വിതം മുഴുവൻ നിയന്ത്രിക്കുന്ന രണ്ട് വാക്കുകൾ ആണ്

1. Yes അല്ലെങ്കിൽ വേണം/ അതെ
2. No അല്ലെങ്കിൽ വേണ്ട / അല്ല

ഇവ രണ്ടും ശരിയായി ഉപയോഗിക്കുന്ന ഒരാൾക്ക് മാത്രമേ ജീവിതത്തിൽ വിജയം (Success) ഉള്ളൂ. പ്രലോഭനങ്ങൾ, തിരഞ്ഞെടുപ്പുകൾ, ആവശ്യങ്ങൾ ഇത്തരം വേളകളിലാണ് നാം Yes/No നമ്മുടെ ജീവിതത്തെ മാറ്റിമറിക്കാം. അതുകൊണ്ട് തന്നെ ജീവിതത്തിൽ No പറയേണ്ട പ്രധാനപ്പെട്ട പത്തു കാര്യങ്ങൾ താഴെ പറയുന്നു.

**1. Say No to Drug** (ലഹരിയോട് No പറയുക)

അനേകരെ ഇന്നും എന്നും നശിപ്പിക്കുന്ന ഒന്നാണ് ലഹരി. ലഹരി ഉപയോഗിച്ച് വിജയിച്ചവരും നന്നായവരും ആരും ഇല്ല. ലഹരിയിൽ പ്രധാനപ്പെട്ടവ: മദ്യം, മയക്കുമരുന്ന്, പുകവലി, പാൻ മസാലകൾ തുടങ്ങിയവയാണ്. ഇവ പല രൂപത്തിലും ഭാവത്തിലും വരാം. ഇവയെ തുടക്കത്തിൽ തന്നെ തിരിച്ചറിയുവാനും No പറയുവാനും അറിയുക. ലഹരി ഇല്ലായ്മ ചെയ്യുന്നത് കുടുംബങ്ങൾ, ബന്ധങ്ങൾ. ആരോഗ്യം, നല്ല മനസ്സ്, ധനം, വിവരം, വിദ്യാഭ്യാസം, മാനം, തലമുറ എന്നിവയെ ആണ്. ഒരിക്കൽ പോലും ലഹരി ഉപയോഗിക്കുകയില്ലെന്ന തീരുമാനം ആണ് ഉത്തമം.

**2. Say No to Pre-marital and extra marital sex** (വിവാഹേതര ലൈംഗീകതയോട് No പറയുക)

ലൈംഗീകത വിവാഹത്തിനായി മാറ്റി വെയ്ക്കേണ്ട ഒന്നാണ്. വിവാഹ ജീവിതത്തിൽ നിങ്ങളുടെ പങ്കാളിക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും മികച്ച സമ്മാനം 'വിശുദ്ധമായ ഒരു ശരീരമാണ്.

* സുഹൃത്ത് ബന്ധങ്ങളിൽ പങ്കിടേണ്ട ഒന്നല്ല ലൈംഗീകത.

* ബന്ധങ്ങൾ ഉറപ്പിക്കാൻ ലൈംഗീകത ആവസ്യമാണെന്ന ധാരണ തെറ്റാണ്

* പ്രണയ ബന്ധങ്ങളിലെ ലൈംഗീകത പങ്കിടരുത്. അങ്ങനെ ചെയ്താൽ വിവാഹശേഷം പങ്കാളിക്ക് നൽകുവാൻ നിങ്ങൾക്ക് യാതൊന്നും അവശേഷിക്കുകയില്ല. അതുകൊണ്ട് തന്നെ ലൈംഗീക പ്രേരണകളോടും No പറയുക.

**3. Say No to pornography** (അശ്ളീലതകളോട് No പറയുക)

അശ്ളീലതകൾ അരങ്ങു തകർക്കുന്ന ഇന്നട്ടെ സമൂഹത്തിൽ ഇവയോട് No പറയാൻ കഴിയുന്നവർക്ക് മാത്രമേ പഠനത്തിലും ജീവിതത്തിലും വിജയിക്കാൻ കഴിയൂ. അശ്ളീല ചിത്രങ്ങൾ, വീഡിയോകൾ, സാഹിത്യങ്ങൾ, ചാറ്റുകൾ ഇവ മനസിനും ശരീരത്തിനും ഒരുപോലെ ദോഷകരമാണ്. പഠനം പരാജയപ്പെടും. അതു കൊണ്ട് തന്നെ പറയൂ No.

**4. Say No to Bad friends** (തെറ്റിലേക്ക് നയിക്കുന്ന സുഹൃത്തുക്കളോട് No പറയൂ)

Peer pressure എന്നാൽ സുഹൃത്തുക്കളുടെ നിർബന്ധം എന്നർത്ഥമാക്കാം. പലരും തെറ്റുകളിലേക്ക് നയിക്കപ്പെടുന്നത് സുഹൃത്തുക്കളുടെ സമ്മർദ്ധത്തിനു വഴിപ്പെട്ടാണ്. ഇല്ലെങ്കിൽ ബന്ധങ്ങൾ നഷ്ടപ്പെടുമോ എന്ന ആശങ്കയിൽ പലരും Yes പറയുകയാണ് സാധാരണം. തെറ്റായ ലൈംഗീകത, പ്രണയബന്ധങ്ങൾ, ലഹരി, അശ്ളീലത എല്ലാം വരുന്നത് ഇത്തരം സമ്മർദ്ധങ്ങളിലൂടെയാണ്. ഒരിക്കൽ No പറഞ്ഞാൽ പലതും ഒഴിവാക്കാം. നിശബ്ദതയും ചില സമയങ്ങളിൽ Yes ആയി പരിഗണിക്കപ്പെടും.

**5. Say No to Lies** (അസത്യങ്ങളോട് No പറയൂ)

കള്ളം പറയുന്ന സ്വഭാവം മലയാളിയുടെ ജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞിരിക്കുന്നു. വിദേശരാജ്യങ്ങളിൽ കള്ളം പറയുന്നത് ശിക്ഷയർഹിക്കുന്ന കുറ്റമാണ്. ഒരു കള്ളം മറയ്ക്കാൻ പല കള്ളങ്ങൾ ആവശ്യമായി വരും. കള്ളങ്ങൾ, അർദ്ധസത്യങ്ങൾ ഇവ ഒഴിവാക്കുക. സത്യം പറയുന്നതും പ്രവർത്തിക്കുന്നതും ജീവിതത്തിന്റെ ഭാഗമാക്കുക. കൂട്ടുകാരനോട് വ്യാജം പറയുന്നത് ബൈബിളിൽ വിലക്കുന്നു.

**6. Say No to Laziness** (മടിയോടും അലസതയോടും No പറയുക)

Procrastination എന്ന ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം കാരണം കൂടാതെ നീട്ടി വയ്ക്കുക എന്നതാണ്. 'നാളെ നാളെ നീളെ നീളെ' എന്ന ചൊല്ലും ഇതേ അർത്ഥമാണ് നൽകുന്നത്. പഠനത്തിലെ ഏറ്റവും വലിയ വില്ലന്നും ഈ നീട്ടിവെയ്പ്പാണ്. നാളെ ആകട്ടെ എന്ന് പറയുന്നവർ പലപ്പോഴും പരാജയപ്പെടും. ഉത്തരാവാദിത്തങ്ങൾ, കടമകൾ ഇവ മാറ്റി വെയ്ക്കരുത്. നാളെകൾ നമുക്കുള്ളതല്ല എന്ന തിരിച്ചറിവിൻ 'സമയം തക്കത്തിൽ വിനിയോഗിക്കുക. 'സമയവും തിരമാലയും ആരെയും കാത്തു നിൽക്കാറില്ല' (Time and tide wait for None).ഇന്നലകൾ നന്നായി വിനിയോഗിക്കാത്തവർ നാളെ ദുഃഖിക്കേണ്ടി വരും. നാളെകൾ നമുക്കുള്ളതല്ല.

**7. Say No to Addictions and bad habits** (അടിമത്തങ്ങളോടും ദുഃശീലങ്ങളോടും No പറയുക)

ഏതൊരു കാര്യവും 21 ദിവസം തുടർച്ചയായി ചെയ്താൽ അത് ഒരാളുടെ ജീവിതത്തിൽ ശീലമായി മാറും എന്നു ശാസ്ത്രം പറയുന്നു. ജീവിതം വിജയിക്കാനായി നാം ഇത്തരത്തിൽ ചെയ്തു വരുന്ന ചിലതിനോട് No പറയണം. ഉദാഹരണത്തിന് ടിവിയിൽ തുടർച്ചയായി കാണുന്ന കാർട്ടൂൺ പോലെയുള്ള പരിപാടികൾ, വീഡിയോ ഗെയിമുകൾ, തുടർച്ചയായുള്ള ഫോൺ വിളികൾ, ചാറ്റുകൾ, ചില ആഹാര പദാർത്ഥങ്ങൾ, ലഹരി വസ്തുക്കൾ ചില സുഹൃത്ത് ബന്ധങ്ങൾ എല്ലാം ഇവയിൽ പെടാം. ഇത്തരത്തിൽ ഉള്ളവയോട് No പറഞ്ഞാൽ മാത്രമേ ജീവിതത്തിൽ 100 / 100 ലഭിക്കൂ. (തുടരും..)

എനിക്കും പറയാനുണ്ട്

# വർദ്ധിച്ചു വരുന്ന ഭീകരത



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

**ലോ**കത്തിന്റെ വിവിധ കോണുകളിൽ നിന്ന് വരുന്ന വാർത്തകൾ നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. വർദ്ധിച്ചുവരുന്ന ഭീകരതയിൽ പ്രഥമസ്ഥാനം മതത്തിന്റെ പേരിൽ ഉള്ളതുതന്നെയാണ്. ഫ്രാൻസിൽ സ്വാതന്ത്ര്യദിനാഘോഷ വേളയിൽ നടത്തിയ കൂട്ടക്കുരുതി തുർക്കിയിലും അങ്കോളയിലും ഭത്ത അട്ടിമറിക്കുവാൻ നടന്ന ശ്രമങ്ങൾ തുടങ്ങിയവയെല്ലാം വർദ്ധിച്ചുവരുന്ന ഭീകരവാദത്തിനു തെളിവാണ്. യൂറോപ്പിലും ഏഷ്യൻ രാജ്യങ്ങളിലും ഒക്കെ ഭീകരത വേരൂന്നി കഴിഞ്ഞു. മതത്തിന്റെ പേരിൽ പരസ്പരം കൊന്നൊടുക്കുന്ന കിരാതന്മാരായി മനുഷ്യൻ മാറുന്ന കാഴ്ച ഞെട്ടിപ്പിക്കുന്നതാണ്. ശാസ്ത്രപരമായും സാംസ്കാരികവുമായി ഒക്കെ ഉന്നതിയിൽ എത്തി എന്ന് മനുഷ്യൻ അഭിമാനിക്കുമ്പോഴും അവൻ മൃഗത്തെക്കാൾ അധഃപതിച്ചിരിക്കുന്നു എന്നതാണ് വസ്തുത. വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും ജാതിയുടെയും മതത്തിന്റെയും ധനത്തിന്റെയും ഒക്കെ പേരിൽ മനുഷ്യൻ പരസ്പരം കടിച്ചുകീറുകയാണ്. അമേരിക്കയിലെ ചില സംസ്ഥാനങ്ങളിൽ ഈയടുത്തു നടന്ന വെടിവെയ്പ്പുകൾ ഞെട്ടലോടെയാണ് നാം ശ്രവിച്ചത്. സ്വന്ത സഹോദരനെ കൊന്നൊടുക്കുമ്പോൾ സ്വർഗ്ഗം ലഭ്യമാകുമെന്ന പഠിപ്പിക്കലുകളും മറ്റും മനുഷ്യനെ ഭ്രാന്തനാക്കുന്നു.

ലോകം പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിക്കുകയാണ്. ഭൂമിയും ചന്ദ്രനും താണ്ടി ചൊവ്വയിലേക്കും വ്യാഴത്തിലേക്കുമൊക്കെ ചേക്കേറുവാനുള്ള വ്യഗ്രതയിലുമാണ്. അണുവായുധ ശേഖരങ്ങളിൽ അഭിമാനം കൊള്ളുന്ന സൈന്യബലമുള്ള രാജ്യങ്ങളുടെ എണ്ണം കൂടികൂടി വരികയാണ്. ശാസ്ത്രീയ പുരോഗതിയിൽ അഭിമാനം കൊള്ളുന്ന മനുഷ്യൻ കമ്മ്യൂണിക്കേഷൻ രംഗത്ത് സ്വപ്നം കാണുന്നതിലുമപ്പുറം എത്തിച്ചേർന്നു കഴിഞ്ഞു. ഇന്റർനെറ്റ് യുഗത്തിൽ ട്വിറ്ററും ഫെയ്സ്ബുക്കും വാട്സാപ്പും ഒക്കെ മനുഷ്യനെ വലയിൽ കോർത്തിണക്കി കഴിഞ്ഞു. അവനവന്റെ ഭാഷയിൽ അയയ്ക്കുന്ന സന്ദേശങ്ങൾ ആ ഭാഷ അറിയാത്തവർക്ക് മനസ്സിലാകത്തക്കനിലയിൽ പരിഭാഷയോടെ എത്തുന്ന നിലയിലേക്ക് ശാസ്ത്രം പുരോഗമിച്ചു. ഭാഷകൾക്കും ദേശത്തിനും രാജ്യങ്ങൾക്കുമപ്പുറം മനുഷ്യൻ സൗഹൃദം കണ്ടെത്തി തുടങ്ങി. മാത്രമല്ല ഇത്തരം സൗഹൃദങ്ങളിലൂടെ ഇണകളെയും കണ്ടെത്തി മനുഷ്യൻ രാജ്യാന്തര ജീവിയായി മാറിതുടങ്ങി. സംസ്കാരവും ഭാഷയും പങ്കുവയ്ക്കുന്ന കുടുംബങ്ങൾ ഉടലെടുത്തു. രാജ്യങ്ങളുടെയും ഭാഷകളുടെയും അതിർ വരമ്പുകൾക്ക് ഇവിടെ പ്രസക്തി നഷ്ടപ്പെടുന്നു. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഉണ്ടായ പുരോഗതി അതിനുമുമ്പുള്ള അമ്പതു വർഷത്തെ പുരോഗതിയേക്കാൾ എത്രയോ മടങ്ങ് വലിയതാണ്. ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് എത്തിച്ചേരുന്നതും ജോലി കണ്ടെത്തുന്നതും ഇണയെ കണ്ടെത്തുന്നതും ഒന്നും ഇന്ന് പുതുമയല്ല.

ഒരു കാലത്ത് നമ്മുടെ കൊച്ചു കേരളം കുടുംബബന്ധങ്ങൾക്ക് വളരെ പ്രാധാന്യം കൊടുത്തിരുന്ന നാടായിരുന്നല്ലോ. അന്ന് കൂട്ടു കുടുംബരീതി ഇവിടെ നിലനിന്നിരുന്നു. സഹോദരകുടുംബങ്ങളും അയൽവാസിയും തമ്മിലുള്ള ബന്ധവും പരസ്പര സഹായവും എല്ലാം ഹൃദ്യമായ അനുഭവം തന്നെയായിരുന്നു. എന്നാൽ കാലം മാറി. പട്ടിണിയും പരിവട്ടവും കേൾക്കുന്നത് വിരളമായി. എന്നാൽ പഴയ അനുഭവങ്ങളെല്ലാം മാറി. കൂട്ടുകുടുംബ അണുകുടുംബത്തിനു വഴിമാറി. സഹോദര, അയൽ ബന്ധങ്ങൾ അന്യമായി. എല്ലാം തന്നിലേക്ക് മാത്രം എന്നനിലയിൽ മനുഷ്യൻ സ്വസ്നേഹികളായി. ദൈവ വചനം പറയുന്നതുപോലെ അഹങ്കാരികളും ദൂഷകന്മാരും വമ്പു പറയുന്നവരുമായിമാറി. മാതാപിതാക്കളും മക്കളുമായുള്ള ആശയവിനിമയം അന്യമായപ്പോൾ നവമാധ്യമങ്ങൾ പുതുതലമുറയെ വശീകരിച്ച് മറ്റൊരു വഴിയിലേക്ക് നടത്തി.

അടുത്ത ദിവസങ്ങളിൽ നാം കേട്ട ഞെട്ടിപ്പിക്കുന്ന വാർത്തയാണ് മലയാളികളായ യുവജനങ്ങൾ ഐ. എസിൽ ചേർന്നു എന്നത്. വിവിധ മതസ്ഥരെ മതം മാറ്റുകയും ഭീകരതയിലേക്ക് നയിക്കുകയുമായിരുന്നു എന്നാണല്ലോ റിപ്പോർട്ട്. ഈ വാർത്തയിലെ ഞെട്ടിപ്പിക്കുന്ന വസ്തുത ഭീകരവാദത്തിലേക്ക് ആകർഷിക്കപ്പെടുന്നത് ഉന്നത വിദ്യാഭ്യാസവും ജോലിയുമുള്ളവരാണ് എന്നതത്രേ. ഇതിൽ നിന്നും മനസ്സിലാകുന്ന വസ്തുത വിദ്യാഭ്യാസത്തിന്റെ കുറവല്ല. പ്രത്യുത നമ്മുടെ മൂല്യങ്ങളിൽ വന്ന ശോഷണം തന്നെയാണ്.

വിശുദ്ധ തിരുവചനം പറയുന്നതിന്റെ നിവർത്തിയാണ് ഇതെല്ലാം. അന്ത്യകാല ലക്ഷണങ്ങളായി വേദപുസ്തകം പറയുന്നതെല്ലാം അക്ഷരീകമായി ഇന്ന് നടന്നു കൊണ്ടിരിക്കുന്നു. തന്റെ മടങ്ങി വരവിന്റെ ലക്ഷണമായി ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് നാം നമ്മുടെ കണ്ണാൽ കാണുകയും കാതുകളിൽ കേൾക്കുകയുമാണ്. സമാധാനത്തിനായുള്ള യത്നം ഒരുവശത്ത് നടക്കുമ്പോൾ തന്നെ അതിലുമെത്രയോ ശക്തിയോടെയാണ് ഭീകരവാദം ലോകത്തെ കീഴടക്കുന്നത്. എന്നാൽ സമാധാനം നൽകുവാൻ കഴിയുന്നത് നമ്മുടെ കർത്താവിനുമാത്രം. സമാധാനം സ്ഥാപിക്കപ്പെടുന്നത് അവന്റെ വരവിലുമായിരിക്കും. അതിനായി നമുക്കൊരുങ്ങാം.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353



**സാത്തൻ ആരാധന**

സാത്താനിക്ക് ബൈബിളിലൂടെയും സാത്താനിക്ക് റിചൽസിലൂടെയും അന്റൺ ലാവെയ് തന്നെയാണ് ബ്ലാക്ക് മാസ് എന്ന സാത്താന്യ ആരാധനരീതിക്ക് ക്രമീകൃതമായ ഒരു സംവിധാനം ഉണ്ടാക്കിയത്. വിവിധ സാത്താന്യ വിഭാഗങ്ങൾ ലാവെയ് സ്വീകരിച്ച ബ്ലാക്ക് മാസ് രീതിയിൽ നിന്നും തങ്ങളുടെതായ മാറ്റങ്ങൾ വരുത്തിയാണ് നടത്തുന്നത്. വെള്ളിയാഴ്ച രാത്രികളാണ് കൂടുതൽ സാത്തൻ സംഘടനകളുടെയും ബ്ലാക്ക് മാസ് എല്ലാ മാസവും 13-ാം തീയതിയും സാത്താൻ സഭക്കാർക്ക് ഏറെ പ്രധാനപ്പെട്ടതാണ്.

ഒരു പ്രധാന ശുശ്രൂഷകനും, ശുശ്രൂഷകനും, സഹ ശുശ്രൂഷകനും ബ്ലാക്ക് മാസിനെ നയിക്കാനുണ്ടാകും. തലകീഴായി പിടിച്ച കുരിശ്, മെഴുകുതിരികൾ, വീഞ്ഞോ മദ്യമോ നിറച്ച പാത്രം, ബെൽ, വാൾ, ത്രികോണകൃതിയിലുള്ള കറുത്ത അപ്പം, തലയോട്ടിയിൽ ശേഖരിച്ച അശുദ്ധരക്തം തുടങ്ങിയവയൊക്കെ ബലി പീഠത്തിലുണ്ടാകും. കറുത്ത വസ്ത്രങ്ങൾ ധരിച്ചാണ് ബ്ലാക്ക് മാസിൽ പങ്കെടുക്കുന്നവരെല്ലാം എത്തുക. സാത്താനോടുള്ള പ്രാർത്ഥനകളും സാത്താനെ പ്രീതിപ്പെടുത്തുന്ന മന്ത്രോചാരണവുമെല്ലാം ബ്ലാക്ക് മാസിൽ ഉണ്ടാകും.

"നരകത്തിലുള്ള ഞങ്ങളുടെ പിതാവെ'' എന്നു തുടങ്ങുന്ന സാത്താന്യ പ്രാർത്ഥന പങ്കെടുക്കുന്നവരെല്ലാം ഉരുവിടും. യേശുക്രിസ്തുവിനെതിരായ ശാപവാക്കുകളും പരസ്യമായ ലൈംഗിക അരാജകത്വവുമെല്ലാം ബ്ലാക്ക് മാസിന്റെ ഭാഗമായി പല സാത്താന്യ വിഭാഗങ്ങളും സ്വീകരിക്കുന്നുണ്ട്. ബലിപീഠത്തിൽ നഗ്നശരീരം കിടത്തി അതിനു മുമ്പിൽ പ്രാർത്ഥനകൾ അർപ്പിക്കുന്നു. ബലിപീഠത്തിനുമുന്നിൽ സ്വന്തം ശരീരത്തിൽ നിന്നുള്ള രക്തമൊഴുക്കിയും ആരാധന അർപ്പിക്കുന്നു. മന്ത്രോച്ചാരണത്തിന്റെ പശ്ചാത്തലത്തിലുള്ള നരബലിയും സാത്താന്യ ആരാധനയിൽ അരങ്ങേറിയിട്ടുണ്ട്. സാത്താന്റെ മേശയിൽ പങ്കെടുക്കുന്നവരെല്ലാം അപ്പവും വീഞ്ഞും പങ്കിട്ടെടുക്കും. ലഹരിമരുന്നുകൾ ഉപയോഗിച്ച് ഉന്മാദാവസ്ഥയിലാണ് പലപ്പോഴും ബ്ലാക്ക് മാസുകൾ അവസാനിക്കുക. ഏതെങ്കിലുമൊരു പൈശാചിക കുറ്റകൃത്യം തങ്ങൾ ചെയ്യുമെന്ന് തീരുമാനമെടുക്കുന്നതും ഇത്തരം ബ്ലാക്ക് മാസുകളിൽ പതിവാണ്.

**സാത്താൻ സഭ കുറ്റകൃത്യങ്ങൾ**

അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ അമ്പതുവയസ്സുള്ള പിതാവിനെ രണ്ടു പെൺമക്കൾ ചേർന്ന് സാത്താൻ ആരാധനയുടെ പേരിൽ കൊലപ്പെടുത്തി. ജുവാൻ കാർലോസിനെയാണ് മക്കളായ സിൽവിയാന, ഗ്രബിയേല എന്നിവർ ചേർന്ന് കൊലപ്പെടുത്തിയത്. സാത്താനെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടി നൂറുതവണയാണ് സ്വന്തം പിതാവിന്റെ ശരീരത്തിലേക്ക് പെൺമക്കൾ കത്തിയിറക്കിയത്.

പിഞ്ചുകുഞ്ഞുങ്ങളെ കൊലപ്പെടുത്തി അവരുടെ രക്തം കുടിക്കുന്നത് സാത്താന് പ്രസാദമാകുമെന്ന് വിശ്വസിക്കുന്ന സാത്താൻ സംഘടനകളുണ്ട്. അയർലണ്ടിൽ ഇതിനുവേണ്ടി കുട്ടികളെ കണ്ടെത്താൻ സാത്താൻ വിശ്വാസികൾ തന്നെ രഹസ്യമായി ഗർഭം ധരിച്ച് കുഞ്ഞുങ്ങളെ പ്രസവിച്ച് അവരെ അരുംകൊലയ്ക്ക് വിധേയമാക്കാൻ ശ്രമിച്ച വാർത്തകൾ പുറത്തുവന്നിരുന്നു. ജർമനിയിൽ 33 വയസ്സുള്ള ഫ്രാങ്ക് ഹാഗൻ എന്ന യുവാവ് കൊല്ലപ്പെട്ടു. യുവദമ്പതികളായ ഡാനിയേൽ റൂഡയും മാനുവേലയും ഈ കൊലപാതകത്തിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ടു. കുറ്റം സമ്മതിച്ച ദമ്പതികൾ നൽകിയ മൊഴി ഇപ്രകാരമായിരുന്നു. "സാത്താൻ നല്കിയ ഉത്തരവ് ഞങ്ങൾ അനുസരിക്കുകയായിരുന്നു".

എണ്ണമറ്റ അരും കൊലകളുടെ ഉൾപ്പെടെ വിവിധ സാത്താൻ സംഘടനകൾ സൃഷ്ടിച്ച കുറ്റകൃത്യങ്ങൾ അമ്പരിപ്പിക്കുന്നതാണ്. പണം തേടി സാത്താനു മുന്നിൽ നടത്തപ്പെട്ട നിരവധി അരും കൊലകളുടെ വാർത്തകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പുറത്തുവന്നിട്ടുണ്ട്. യുവതി യുവാക്കളാണ് പലപ്പോഴും ഇത്തരം കൊലകൾക്ക് ഇരകളാകുന്നത്. കൊലയാളികളും യുവാക്കൾ തന്നെ.

സാത്താന്യ ആചാരങ്ങളുടെ ഭാഗമായി ശാരീരികവും ലൈംഗികവുമായ പീഢനങ്ങളാണ് സാത്താൻ വിശ്വാസികൾ നടപ്പിലാക്കുന്നത്. കുട്ടികൾക്കെതിരായ പീഢനം മുതൽ കൂട്ടക്കൊലപാതകങ്ങൾ വരെ ഇതു നീളുന്നു. അമേരിക്കയിൽ ഉൾപ്പെടെ നടക്കുന്ന നിരവധി കൊലപാതകങ്ങൾക്കു പിന്നിൽ സാത്താൻ സംഘടനക്കാരുടെ പങ്കു സംബന്ധിച്ച് വ്യക്തമായ തെളിവുകൾ അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്.

– തുടർച്ച –

**പണം സ്വപ്നം കണ്ട്.........**

പലപ്പോഴും യുവതലമുറയെ സാത്താന്യ ആരാധനയിലേക്ക് ആകർഷിക്കുന്നത് പണം ലഭിക്കുമെന്ന മിഥ്യാ ധാരണയാണ്. പണത്തിനു വേണ്ടി എന്തും ചെയ്യാമെന്ന ചിന്ത സാത്താന്യ ആരാധനയിലേക്കും ഒടുവിൽ സർവ്വ നാശത്തിലേക്കും നയിക്കും. പാശ്ചാത്യ രാജ്യങ്ങളിലെ കുടുംബതകർച്ചയും സാത്താന്യ ആരാധനയിലേക്ക് അനേകരെ നയിക്കാൻ കാരണമായി.

ഏകാന്തയിൽ നിന്നും മോചനം തേടി സാത്താന്യ ആരാധനയുടെ മോഹവലയങ്ങളിൽ അനേകർ പെട്ടുപോയി. സാത്താന്യ ആരാധനയിലെ സംഗീതമാണ് മറ്റൊരു ആകർഷണഘടകം. റോക്ക്, റാപ്പ് സംഗീതത്തിന്റെ ചടുലതാളങ്ങൾക്കപ്പുറം ഇരുട്ടിന്റെ തുറന്ന ലൈംഗികതയുടെയും അന്തരീക്ഷം സാത്താന്യ ആരാധനയിലേക്ക് പ്രലോഭനമായി മാറുന്നു. ഇതിനുപുറമേ ഇന്റർനെറ്റിലൂടെ സാത്താൻ സഭകൾ നടത്തുന്ന വ്യാപകപ്രചരണവും തലമുറയെ ലക്ഷ്യമിട്ടുള്ളതാണ്. (തുടരും..)

# ഐ. പി. സി സൺഡേസ്കൂൾ തിരഞ്ഞെടുപ്പ് ഓഗസ്റ്റ് 30 ന്

**കുമ്പനാട്:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സൺഡേസ്കൂൾസ് അസോസിയേഷൻ കേന്ദ്രതിരഞ്ഞെടുപ്പ് ഓഗസ്റ്റ് 30 ന് സഭാ ആസ്ഥാനമായ കുമ്പനാട് ഹെബ്രോൻപുരത്ത് നടക്കും. ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർമാർ (3 പേർ), ജനറൽ സെക്രട്ടറി, അസോസിയേറ്റ് സെക്രട്ടറിമാർ (3 പേർ), ട്രഷറർ, കമ്മറ്റി അംഗങ്ങൾ (12 പേർ) എന്നിവരെയാണ് തിരഞ്ഞെടുക്കേണ്ടത്.

പ്രാദേശിക സൺഡേസ്കൂളുകളിൽ നിന്നുള്ള പ്രതിനിധി ലിസ്റ്റുകൾ ഓഗസ്റ്റ് രണ്ടിന് മുൻപ് കുമ്പനാട്ടുള്ള കേന്ദ്ര ഓഫീസിലെത്തിക്കണം. നാമനിർദ്ദേശപത്രികകൾ ഓഗസ്റ്റ് ഒൻപതിന് ഉച്ചയ്ക്ക് രണ്ടു മണി വരെ ഓഫീസിൽ നിന്നും ലഭിക്കുകയും തിരികെ നൽകുകയും ചെയ്യാം. 30 ന് ഒൻപതിന് ജനറൽ ബോഡിയും 10 മണിക്ക് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടക്കും. ഇലക്ഷൻ കമ്മീഷണറായി പ്രഫ. മാത്യു ഏബ്രഹാമിനെയും റിട്ടേണിംഗ് ഓഫീസർമാരായി വി.എം. പീറ്റർ, പീറ്റർ മാത്യു എന്നിവരെയും നിയമിച്ചതായി ഡയറക്ടർ കുര്യൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ് എന്നിവർ അറിയിച്ചു.

അഭിമുഖം

# “ഞാൻ ഭാരതത്തെ സ്നേഹിക്കുന്നു” ഗ്ലാഡിസ് സ്റ്റെയിൻസ്

**ഒറീസ്സയിൽ സുവിശേഷ വിരോധികൾ ചുട്ടരിച്ച തിമൊഥി, ഫിലിപ്പ് എന്നീ പിഞ്ചുബാലന്മാരും അവരുടെ പിതാവായ ഗ്രഹാം സെറ്റെയിൻസും ഭാരത ക്രൈസ്തവ സഭയ്ക്ക് ഇന്നും നീറുന്ന ഓർമ്മയാണ്. കുഷ്ഠരോഗികളുടെ ഇടയിൽ ജീവകാരുണ്യ പ്രവർത്തനം നടത്തി വരവേയാണ് സ്റ്റെയിൻസും കുട്ടികളും ദാരുണമായി കൊല്ലപ്പെട്ടത്. അദ്ദേഹത്തിന്റെ സഹധർമ്മിണി സ്വദേശമായ ഓസ്ട്രേലിയയിൽ താമസിച്ച് ഒറീസ്സയിലെ പ്രവർത്തനങ്ങൾക്ക് സഹായം നൽകുവാൻ വേണ്ടി ജോലി ചെയ്യുന്നു. ഗ്ലാഡീസ് സ്റ്റെയിൻസുമായി ബിനു ജോസഫ് വടശ്ശേരിക്കര നടത്തിയ എക്സ്ക്ലൂസീവ് അഭിമുഖം**



**സുവിശേഷ വിരോധികൾ കശക്കി എറിഞ്ഞ രണ്ട് ജീവിതങ്ങൾ! ഇന്ത്യൻ ക്രൈസ്തവരുടെ ഉള്ളിൽ ഇന്നും കറുത്ത പൊട്ടായി ശേഷിക്കുന്നവർ! കഴിഞ്ഞ 17-ലധികം വർഷങ്ങളായി ദൈവം അവരെ നടത്തുന്ന അത്ഭുത വഴികൾ, ഇന്ത്യൻ മണ്ണിൽ എരിഞ്ഞടങ്ങിയ ഗ്രഹാം സ്റ്റെയിൻസിന്റെയും രണ്ട് മക്കളുടെയും വേർപാടിൽ പകച്ചുപോയ ഗ്ലാഡിസിനെയും മകൾ എസ്തേറിനെയും കുറിച്ചുള്ള ചില കുറിപ്പുകൾ**

1999 ജനുവരി 23 ഇന്ത്യൻ ക്രിസ്ത്യൻ ചരിത്രത്തിലെ ഒരു കറുത്ത ദിനമാണ്. ഏകദേശം 17 വർഷങ്ങൾക്ക് മുമ്പുള്ള അന്നാണ് ഒറിസയിലെ മയൂർ ബഞ്ച് കേന്ദ്രമാക്കി സുവിശേഷ പ്രവർത്തനങ്ങൾക്കും കുഷ്ഠരോഗ ആശുപത്രിക്കും നേതൃത്വം നൽകിയിരുന്ന ആസ്ത്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിനെയും മക്കളായ ഫിലിപ്പിനെയും തിമൊത്തിയെയും സുവിശേഷ വിരോധികൾ കത്തിച്ച് ചാമ്പലാക്കിയത്. അവശേഷിച്ചത് ഭാര്യയായ ഗ്ലാഡിസ് സ്റ്റെയിൻസും മകൾ എസ്ഥേറും ഒപ്പം ഒരു മിഷനറിയുടെ ഭാവി സ്വപ്നങ്ങളും.

ചില നാളുകൾ പത്രവാർത്തകളിൽ നിറഞ്ഞു നിന്നിരുന്ന ഗ്രഹാം കൊലപാതക വാർത്തകൾ കെട്ടടങ്ങി. എന്നാൽ ഇന്നും ഒരു നെരിപ്പോടു പോലെ കത്തുന്ന ഓർമ്മകളുമായി രണ്ട് പേർ ഓസ്ട്രേലിയയിലെ ടൗൺസ് വിലയിൽ ഉണ്ട്. അത് ഭാര്യ ഗ്ലാഡിസും മകൾ എസ്തേറുമാണ്.



ലേഖകൻ ഗ്ലാഡിസ് സ്റ്റെയിൻസിനോടൊപ്പം

ജൂൺ മാസത്തിൽ ഞാൻ ഓസ്ട്രേലിയയിലേക്ക് യാത്ര തിരിക്കുമ്പോൾ എന്റെ ഓർമ്മയിൽ വന്ന ആദ്യ വ്യക്തിത്വവും ഇന്ത്യൻ മണ്ണിൽ കത്തിയമർന്ന ഗ്രഹാം തന്നെയായിരുന്നു. പാസ്റ്റർ എബ്രഹാം തോമസ് നേതൃത്വം നൽകുന്ന സിഡ്നി പെന്തെക്കോസ്തൽ ചർച്ചിന്റെ വി.ബി.എസ്സും ക്യാമ്പുമായിരുന്നു എന്റെ ലക്ഷ്യം. സിഡ്നിയിൽ നിന്ന് 3 മണിക്കൂർ വിമാനമാർഗ്ഗം യാത്ര ചെയ്ത് ടൗൺസ് വിലയിൽ എത്തിയപ്പോൾ ഇമ്മാനുവേൽ പെന്തെക്കോസ്ത് ചർച്ച് പാസ്റ്റർ സജിമോൻ എന്നെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹമാണ് ഗ്രഹാം സ്റ്റെയിൻസിന്റെ ഭാര്യ ഗ്ലാഡിസ് അവിടെ സമീപത്താണ് താമസിക്കുന്നത് എന്ന് പറഞ്ഞത്. അപ്പോൾ തന്നെ അവരെ നേരിൽ കാണാനുള്ള ആഗ്രഹം ഞാൻ പ്രകടിപ്പിച്ചു. അങ്ങനെയാണ് ജൂലൈ 7-ന് ആ മഹത് വനിതയെ നേരിൽ കാണുവാൻ ഇടയായത്. ആ കൂടി കാഴ്ച ജീവിതത്തെ തന്നെ മാറ്റിമറിക്കുന്നതായിരുന്നു.

*** സ്വന്തം ജീവിതത്തെ കുറിച്ച് ചില വാക്കുകൾ**

പഠനശേഷം ഇന്ത്യയിലെ സുവിശേഷ പ്രവർത്തനങ്ങൾക്കായി എത്തുമ്പോൾ 18 വയസായിരുന്നു പ്രായം ഇന്ത്യയിൽ വെച്ചാണ് ഗ്രഹാമിന് കണ്ടുമുട്ടുന്നത്. അദ്ദേഹം 1965 മുതൽ ഒറിസയിലെ ലെപ്രസി ആശുപത്രിയിൽ പ്രവർത്തിച്ച് സുവിശേഷീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. 1983 ലാണ് ഗ്രഹാം സ്റ്റെയിൻസുമായുള്ള വിവാഹം നടക്കുന്നത്. തുടർന്നുള്ള നാളുകളിൽ മയൂർബഞ്ചിലെ പ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്നു. 20 വർഷം കൊണ്ട് ഒറിയ ഭാഷയും അല്പം സന്താളിയും പഠിച്ചു. ഇൻഡ്യൻ സംസ്കാരവും ആഹാര രീതികളും ജീവിതഭാഗമായി. കൂടുതൽ സമയങ്ങളിലും ആശുപത്രിയിലെ രോഗികളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തി.

*** ജീവിതത്തിൽ നേരിട്ട അത്യാഹിതത്തെക്കുറിച്ച് ചിലവാക്കുകൾ**

17 വർഷങ്ങൾക്ക് മുമ്പ് ഒരു രാത്രിയിലാണ് സുവിശേഷീകരണ പ്രവർത്തനങ്ങൾക്ക് ശേഷം സ്വന്തം വാഹനത്തിൽ കിടന്നുറങ്ങുകയായിരുന്ന എന്റെ ഭർത്താവിനെയും മക്കളെയും ചില സുവിശേഷ വിരോധികൾ അഗ്നിക്ക് ഇരയാക്കിയത്. കാലം മുറിവിനെ ഉണക്കും എന്നാണ് പറയാറുള്ളതെങ്കിലും എന്റെ ഹൃദയത്തിന്റെ മുറിവുകൾ ഇന്നും ഉണങ്ങിയിട്ടില്ല. ഓരോ ദിവസങ്ങൾ കഴിയുന്തോറും ദുഃഖം ഏറി വരികയാണ്. നിത്യതയുടെ പ്രത്യാശയാണ് ഹൃദയത്തിൽ ഉള്ളത്.

*** ഇപ്പോൾ എന്തു ചെയ്യുന്നു?**

ക്യൂൻസ് വില്ലയിലെ ഒരു ആശുപത്രിയിൽ നേഴ്സായി ജോലി നോക്കുകയും ഒറീസയിലെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ കണ്ടെത്തുകയും മറ്റുള്ളവർക്ക് ഇത് പരിചയപ്പെടുത്തുകയും ചെയ്യുന്നു.

*** മകളുടെ കുടുംബത്തെക്കുറിച്ച്?**

മകൾ എസ്തേറും ഭർത്താവും മെഡിക്കൽ ഡോക്ടറുമാണ്. നാലും രണ്ടും വയസ്സുള്ള രണ്ട് കുട്ടികൾ അവർക്കുണ്ട്. എസ്തേർ ഇന്ത്യയിൽ ജനിച്ചതിനാൽ അവർക്ക് ഇന്ത്യൻ പൗരത്വം ഉണ്ട്.

*** എങ്ങനെയാണ് ദുഃഖകരമായ സാഹചര്യങ്ങൾ നേരിട്ടത്?**

മാനസികമായി തകർന്ന സാഹചര്യങ്ങളിൽ ദൈവമാണ് എന്നെ നിലനിർത്തിയത്. ആ ദൈവം കൂടെയുള്ളതിനാൽ നാളയെക്കുറിച്ച് ഭാരം തെല്ലുമില്ല. ഭർത്താവിന്റെയും മക്കളുടെയും മരണശേഷം അഞ്ചരവർഷം കൂടെ ഒറീസയിലെ പ്രവർത്തനങ്ങളിൽ പങ്കാളിയായി. പ്രായമായ മാതാവിനെ ശുശ്രൂഷിക്കാൻ ആണ് ഓസ്ട്രേലിയയിലേക്ക് മടങ്ങിപോന്നത്.

(കുറ്റക്കാരനായ ധാരാസിംഗിനെ കോടതി ശിക്ഷിച്ചപ്പോൾ ഗ്ലാഡിസ് പറഞ്ഞത് തന്റെ ഭർത്താവിന്റെയും മക്കളുടെയും ഘാതകരോട് ഹൃദയംഗമായി ക്ഷമിക്കുന്നു എ

07

# അനുഭവസമ്പത്തും സഭയുടെ നന്മയ്ക്കുള്ള കർമ്മ പദ്ധതികളുമായി പാസ്റ്റർ ജോർജ് മാത്യു മുള്ളങ്കാട്ടിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക്

**കർത്താവിൽ പ്രിയ ദൈവദാസനും സഭയ്ക്കും ക്രിസ്തീയ വന്ദനം!**

ജീവിതയാത്രയിൽ 60 വർഷങ്ങൾ പിന്നിടുന്ന ഈ വേളയിൽ അനുഭവങ്ങൾ ചാലിച്ചെടുത്ത ആത്മീയ സമ്പത്തുമായാണ് ഞാൻ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ വൈസ് പ്രസിഡന്റാകാൻ ദൈവത്തിലാശ്രയിച്ച് താല്പര്യമെടുത്തത്. ബാല്യപ്രായത്തിൽ നേരിട്ട നീറുന്ന അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയ്ക്ക് സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണമെന്നും എനിക്ക് ലഭിച്ച പ്രൊഫഷണൽ യോഗ്യതകളും സാധ്യതകളും അതിന് മുതൽക്കൂട്ടാകുമെന്നും ഉറപ്പ് നൽകുകയാണ്.

റാന്നി മുള്ളങ്കാട്ടിൽ എം.റ്റി. മാത്യു-അന്നമ്മ ദമ്പതികളുടെ മകനായി 1956 മെയ് 26 ന് ജനിച്ച് എനിക്ക് ബാല്യപ്രായത്തിൽ തന്നെ കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കാനും സ്നാനപ്പെടുവാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറയപ്പെടുന്നതിനും ഇടയായി. പെന്തെക്കോസ്ത് വിദ്യാർത്ഥികൾ വളരെ കുറവായിരുന്ന ആ നാളുകളിൽ അധ്യാപകരുടെയും സഹപാഠികളുടെയും നിന്ദയും അപമാനവും പലപ്പോഴും സഹിക്കേണ്ടി വന്നിട്ടുണ്ട്. സ്കൂളിൽ ഓരോ സഭാ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പരിചയപ്പെടുത്തുമ്പോൾ യാക്കോബായ, മാർത്തോമ്മ സി.എസ്.ഐ., ബ്രദറൺ തുടങ്ങിയവ ഓരോരുത്തർ പറഞ്ഞു. ഞാൻ എഴുന്നേറ്റ് പെന്തെക്കോസ്ത് എന്ന് പറഞ്ഞപ്പോൾ കൈയടിച്ച് ഒരു പാട്ട് പാടാൻ അദ്ധ്യാപകൻ പരിഹസിച്ച് പറഞ്ഞു. കുട്ടികളുടെ ഇടയിലും വലിയ പരിഹാസമായി. കേവലം മിഡിൽ സ്കൂൾ വിദ്യാർത്ഥിയായിരുന്ന എന്നെ അത് വളരെ വേദനിപ്പിച്ചെങ്കിലും അടുത്ത വർഷങ്ങളിൽ എസ്.എസ്.എൽ സി.ക്ക് സ്കൂളിലെയും സമീപ പഞ്ചായത്തുകളിലെയും ഏറ്റവും മികച്ച മാർക്കോടെ വിജയിക്കുവാൻ ഇടയായി.

റാന്നി സെന്റ് തോമസ് കോളജിൽ പഠിക്കുമ്പോൾ ഇന്നത്തെ ഐ.പി.സി.കേരള സ്റ്റേറ്റ് പ്രസിഡന്റ് പി.വൈ.പി.എ.യിൽ എന്റെ സഹപ്രവർത്തകനുമായിരുന്ന പാസ്റ്റർ കെ.സി. തോമസിനോടൊത്ത് പ്രയർ ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകി. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിന്ന് പോളിമർ സയൻസ് ആന്റ് ടെക്നോളജിയിൽ പി.എച്ച്.ഡി. നേടുകയും അതിനിടെ ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ അധ്യാപകനായി പ്രവേശിക്കുകയും ചെയ്തു. പ്രൊഫഷനിൽ നിന്നും ലഭിക്കേണ്ട നന്മകളെല്ലാം വിട്ടിട്ട് എന്റെ 36-ാം വയസിൽ സുവിശേഷ പ്രവർത്തനങ്ങൾക്കായി ഇറങ്ങുകയായിരുന്നു.



പി. വൈ.പി.എ. യുടെ ജനറൽ സെക്രട്ടറിയായിരിക്കുമ്പോൾ 40 ഭവനങ്ങൾ നിർമ്മിച്ച് നൽകുകയും കേരള സുവിശേഷീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പരസ്യയോഗങ്ങൾ ഉൾപ്പെടുത്തി യാത്ര സംഘടിപ്പിക്കുകയും ചെയ്തു. അന്ന് പരസ്യയോഗങ്ങളിൽ പ്രസംഗിച്ച പലരും ഇന്ന് ഐ.പി.സി.യുടെ നേതൃനിരയിലും അനുഗ്രഹീത പ്രഭാഷകരും ആയിത്തീർന്നു. കഴിഞ്ഞ 40 വർഷങ്ങളായി ഞാൻ സുവിശേഷ പ്രവർത്തനങ്ങളിൽ സജീവമാണ്. സുവിശേഷം എത്തിയിട്ടില്ലാത്തതും ഏറെ വെല്ലുവിളികൾ നേരിടുന്നതുമായ സ്ഥലം എന്റെ ദർശനമായിരുന്നു. അങ്ങനെയാണ് ദൈവനിയോഗപ്രകാരം 2004-ൽ ത്രിപുരയിലേക്കു പോകുവാൻ ഇടയായത്. ഒന്നുമില്ലായ്മയിൽ നിന്നും തുടങ്ങിയ അവിടുത്തെ പ്രവർത്തനങ്ങൾ ഇന്ന് നല്ല നിലയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ത്രിപുര സ്റ്റേറ്റിന്റെ പ്രസിഡന്റായും സേവനം ചെയ്യുന്നു.

ആയൂർ എബനേസർ തിയോളജിക്കൽ സെമിനാരി, ന്യൂജേഴ്സി ന്യൂബ്രൗൺസ്വിക്ക് തിയോളജിക്കൽ സെമിനാരി എന്നിവിടങ്ങളിൽ ദൈവവചനം പഠിച്ച് എ.ഡിവ്. പൂർത്തിയാക്കി കഴിഞ്ഞ 25-ലധികം വർഷമായി ഐ. പി. സിയിലെ ഓർഡേയിൻഡ് ശുശ്രൂഷകനാണ്. ചങ്ങനാശ്ശേരി, തിരുവനന്തപുരം, ഫിലദൽഫിയ, ന്യൂജേഴ്സി എന്നിവിടങ്ങളിൽ ശുശ്രൂഷകനായിരുന്നു. ഇവാഞ്ചൽ മാസികയുടെ ചീഫ് എഡിറ്ററാണ്. ‘കേരളം മുതൽ ത്രിപുര വരെ’ എന്ന ജീവിതാനുഭവം ഉൾപ്പെടെ ഇംഗ്ലീഷിലും മലയാളത്തിലുമായി 3 പുസ്തകങ്ങൾ എഴുതി. ഭാര്യ: മാഗി തൃശൂർ കീഴ്ത്താണിക്കൽ കുടുംബാംഗമാണ്. മക്കൾ : ഡോ. റോബിൻ, ഡോ. ബ്ലെസി.

പി. വൈ.പി.എ ജനറൽ വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഐ. പി. സി. ജനറൽ കൗൺസിൽ അംഗം, ചാരിറ്റി ബോർഡ് വൈസ് ചെയർമാൻ, എൻ. ആർ.ഐ കൗൺസിൽ പ്രഥമ വൈസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. സഭാ ശുശ്രൂഷകൻ, എഴുത്തുകാരൻ, പ്രസംഗകൻ, അദ്ധ്യാപകർ എന്നീ നിലകളിൽ ഇന്ത്യയിലും വിദേശത്തും പ്രവർത്തിക്കുന്നു.

സഭയ്ക്ക് സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ആഗ്രഹവും അതിനായി പ്രവർത്തിക്കുന്നതിനുള്ള തീരുമാനവുമായി പ്രവർത്തന രംഗത്ത് മുന്നോട്ടിറങ്ങുന്നു. ഓഗസ്റ്റ് 10-ന് നടക്കുന്ന ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പിൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കണമെന്ന് വിനയപ്പൂർവ്വം അഭ്യർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

വിശ്വസ്തതയോടെ

**ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ**

**പാസ്റ്റർ ജോർജ് മാത്യു**
**(ഐ.പി.സി. ത്രിപുര സ്റ്റേറ്റ് പ്രസിഡന്റ്)**
**Mob.No: 9745265189**
**georgemathew88@yahoo.com**

# ഐ. പി. സി. ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് പാസ്റ്റർ തോമസ് കോശി



കർത്താവിൽ പ്രീയ പാസ്റ്റർക്കും സഹോദരീ സഹോദരന്മാർക്കും ക്രിസ്തു യേശുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹ വന്ദനം!

ദൈവഹിതമായാൽ നമ്മുടെ അടുത്ത ജനറൽ ഇലക്ഷനിൽ ഐ. പി. സി ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് നിൽക്കുവാനുള്ള എന്റെ തീരുമാനം നിങ്ങളെ അറിയിക്കുന്നതിൽ അതിയായ സന്തോഷം ഉണ്ട്. നമ്മുടെ പ്രസ്ഥാനത്തിൽ, കർത്തൃസേവയോടുള്ള ബന്ധത്തിൽ 50-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. എന്നിൽ വ്യാപരിച്ച ദൈവകൃപയെ ഓർത്തു തിരുനാമത്തെ മഹത്വപ്പെടുത്തുന്നു.

1967-ൽ ആത്മസ്നാനത്തോട് ചേർന്ന് ക്രൂശിലെ ദർശനം ഉണ്ടാവുകയും, കർത്താവിന്റെ വേലയ്ക്കായുള്ള വിളി ലഭിക്കുകയും ചെയ്തു. ബൈബിൾ സ്കൂൾ വിദ്യാർത്ഥിയായും, സഞ്ചാര സുവിശേഷകനായും ആദ്യ ചില വർഷങ്ങൾ പിന്നിട്ട ശേഷം മഹാദൈവത്തിന്റെ അളവറ്റ കരുണയാൽ 20-ാം വയസിൽ സഭാ ശുശ്രൂഷയിൽ പ്രവേശിക്കുകയുണ്ടായി (IPC Bokara steel City Bihar). തുടർന്നുള്ള 46 വർഷങ്ങളായി നോർത്ത് ഇൻഡ്യയിലും അമേരിക്കൻ ഐക്യനാടുകളിലും സഭാശുശ്രൂഷയിൽ വ്യാപൃതനായിരുന്നു. ഐ. പി. സി.യിൽ Ordained minister ആയിട്ട് 41 വർഷങ്ങളായി.

പിന്നിട്ട ശുശ്രൂഷാ കാലയളവിൽ ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ഔദ്യോഗിക തലങ്ങളിൽ പല ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലും പ്രശോഭിപ്പാൻ ദൈവം സംഗതിയാക്കി. 9th IPC Family Conference Convener (Dallas), IPC North American Eastern Region Vice President, IPC Mid West Region President എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ Shalom IPC Chicago -യുടെ ശുശ്രുഷയോടൊപ്പം IPC North American Central Region President ആയും, IPC General Council member ആയും പ്രവർത്തനങ്ങളിൽ മുന്നേറുന്നു. Bombay പട്ടണത്തിലെ പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ Bombay Pentecostal Fellowship (BPF) -ന്റെ പ്രസിഡന്റായും പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

അടൂർ സെന്റർ പാസ്റ്റർ ആയിരുന്ന എന്റെ പിതാവ് പരേതനായ പാസ്റ്റർ വി. റ്റി. കോശിയും, ഐ. പി. സി.യുടെ മുൻ ജനറൽ പ്രസിഡന്റും ക്രിസ്തുവിൽ പ്രസിദ്ധനുമായിരുന്ന എന്റെ വല്യപ്പച്ചൻ പാസ്റ്റർ റ്റി. ജി. ഉമ്മനും ഐ. പി. സി.ക്ക് നല്കിയ സേവനങ്ങൾ വിശിഷ്യാ പ്രസ്താവ്യമാണ്. ഐ. പി. സി പ്രസ്ഥാനത്തിന്റെ ഭൗതികവും ആത്മീകവുമായ മുന്നേറ്റത്തിനായി പ്രവർത്തിപ്പാനുള്ള വ്യക്തമായ കാഴ്ചപ്പാടും ദർശനവുമാണ് ദൈവം എനിക്കും നൽകിയിരിക്കുന്നത്. ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള എന്റെ താല്പര്യവും, തീരുമാനവും സാക്ഷാത്കരിക്കപ്പെടുവാൻ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും അപേക്ഷിച്ചു കൊള്ളുന്നു. സഹധർമ്മിണി: ഏലിയാമ്മ, മക്കൾ: ഗ്രെയ്സ്, ജോജി, കൊച്ചുമക്കൾ നാലുപേർ.

**ക്രിസ്തുവിൽ നിങ്ങളുടെ എളിയ സഹോദരൻ**

**പാസ്റ്റർ തോമസ് വി. കോശി**

# കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറത്തിന് പുതിയ സാരഥികൾ



റോയി മേപ്രാൽ



രാജൻ ആര്യപ്പള്ളിൽ



നിബു വെള്ളവന്താനം



പാസ്റ്റർ സ്റ്റാൻലി ജോസഫ്



ജോയിസ് പി. മാത്യൂസ്



മേരി ജോസഫ്

**ഡാളസ്സ്:** അമേരിക്കൻ ഐക്യനാടുകളിലും കാനഡയിലുമുള്ള പെന്തെക്കോസ്ത് എഴുത്തുകാരുടെയും വാർത്താമാധ്യമ പ്രവർത്തകരുടെയും പൊതു ഐക്യവേദിയായ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം (കെ.പി. ഡബ്ല്യു. എഫ്) പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ഭാരവാഹികൾ: റോയി മേപ്രാൽ (പ്രസിഡന്റ്), ബ്രദർ രാജൻ ആര്യപ്പള്ളിൽ (വൈസ് പ്രസിഡന്റ്), നിബു വെള്ളവന്താനം (സെക്രട്ടറി), പാസ്റ്റർ സ്റ്റാൻലി ജോസഫ് (ജോ. സെക്രട്ടറി), ജോയിസ് പി. മാത്യൂസ് (ട്രഷറർ), മേരി ജോസഫ് (ലേഡീസ് കോർഡിനേറ്റർ). പാസ്റ്റർ ബാബു തോമസിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കെ. പി. ഡബ്ല്യൂ. എഫ് അവാർഡ് ജേതാക്കൾക്ക് പുരസ്കാരങ്ങൾ നൽകി ആദരിച്ചു. സി.വി. മാത്യൂ, അച്ചൻകുഞ്ഞ് ഇലന്തൂർ, എസ്. പി. ജെയിംസ്, സാം മാത്യു, പാസ്റ്റർമാരായ വി. പി. ജോസ്, ജെയ്സ് പാണ്ടനാട്, ഷൈജു തോമസ്, ബോബൻ ക്ലീറ്റസ്, കെ. ജി. ശമുവേൽ, പി. വൈ. പി. എ സംസ്ഥാന പ്രസിഡന്റ് സുധി എബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. സിസ്റ്റർ ഷേർളി ചാക്കോ സ്വാഗതവും, ബ്രദർ രാജൻ ആര്യപ്പള്ളി നന്ദിയും പറഞ്ഞു.

# ഏകദിന കുടുംബ കൗൺസിലിംഗും ക്യാമ്പും



**ഓസ്ട്രേലിയ:** വാഗ വാഗാ ഇമ്മാനുവേൽ ക്രിസ്ത്യൻ ചർച്ചിന്റെ നേതൃത്വത്തിൽ ഏകദിന കുടുംബ കൗൺസിലിംഗും ക്യാമ്പും വാഗാ വാഗാ പ്രിർഗ്രി യുണൈറ്റഡ് ചർച്ച് ഹാളിൽ വച്ച് ജൂലൈ 16-ന് നടത്തപ്പെട്ടു. പാസ്റ്റർ ഏലിയാസ് ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ പ്രഫ. സാം സക്കറിയ, മുംബൈ, ബിനു വടശ്ശേരിക്കര എന്നിവർ ക്ലാസുകൾ നയിച്ചു. ബിന്നി സി. മാത്യു അദ്ധ്യക്ഷത വഹിച്ചു. ലിബു വർഗ്ഗീസ്, ജിനോ, സനു, ജോർജ് ജോൺ, ഗോഡ്ലി ജോൺ, തോംസൺ എന്നിവർ നേതൃത്വം നൽകി. പ്രീജി പൗലോസ് ആരാധന നയിച്ചു. ജോർജ്ജ് ജോൺ സ്വാഗതം പറഞ്ഞു.

## കഥ

# ഒരു ശാപം പൊട്ടിയ കഥ



**ആഷേർ മാത്യു**

വളരെ പെട്ടന്നാണ് ആ കൂടാരം അവിടെ പൊങ്ങിയത്.

ഇരുമ്പു തൂണുകളും നാട്ടി, ഷീറ്റും ഇട്ടു, വളരെ വലിയ ഒരു സ്റ്റേജും!!

കൂടാരത്തിന്റെ വെളിയിൽ, കൂറ്റൻ ഒരു ബാനറും പൊങ്ങി.

"ശാപം മുറിക്കൽ ശുശ്രൂഷ".

അങ്ങനെ ഒരു പദം നാട്ടു കാർ ആദ്യമായി കേൾക്കുകയായിരുന്നു. 'കൺവൻഷൻ, ഉണർവ്വ് യോഗം, സുവിശേഷയോഗം' എന്നൊക്കെ കേട്ടിട്ടുണ്ട്, ഇതെന്താ പുതിയ ഈ സംഭവം എന്നായി ഒരു നാട്ടുകാരൻ. മറ്റൊരാൾക്ക് അല്പം കൂടി അറിവുണ്ട്.

"കരിസ്മാറ്റിക്കെന്നും, ക്രൂസേഡെന്നും' ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ, ഈ ശാപം മുറിക്കൽ എന്ന് വെച്ചാലെന്താണാവോ?!

അത് ആ പെന്തെക്കോസ്തുകാരുടെ പുതിയ ഏതോ പരിപാടിയാ.... ചായക്കടക്കാരൻ ഔസേപ്പു ചേട്ടൻ ആ സംശയം അങ്ങ് തീർത്തു കൊടുത്തു. പക്ഷെ, ചർച്ചയിൽ പങ്കെടുത്തുകൊണ്ടിരുന്ന പീലിച്ചേട്ടന്റെ സംശയം എന്നിട്ടും തീർന്നില്ല.

"ശ്ശെടാ, അതെങ്ങനാ ശരിയാവുക? നമ്മടെ പള്ളിമുക്കു കഴിഞ്ഞ് അവിടെ ഒരു പെന്തെക്കോസ്തുപള്ളിയുണ്ടല്ലോ. വർഷം എത്രയായി? തമ്പേറുമടിച്ച് പാട്ടുപാടുന്നതല്ലാതെ ഞാനിതു വരെ അവിടെ ഇങ്ങനത്തെ ബാനർ ഒന്നും കണ്ടിട്ടില്ലല്ലോ".

"എന്റെ പീലിച്ചായാ, അതൊക്കെ പണ്ടത്തെ സ്റ്റൈലല്ലേ... ഇത് ന്യൂ ജനറേഷൻ പിള്ളാരാ...." .ഔസേപ്പച്ചന് കാര്യം അറിയാം.

"ആഹാ... സഭക്കകത്തും ന്യൂ ജനറേഷനോ? എന്നിട്ട് നമ്മുടെ പള്ളികളിലൊന്നും ഈ പരിപാടിയില്ലല്ലോ..." പീലിച്ചായന്റെ സംശയമാണ്.

"അതൊക്കെ അങ്ങനാ... ഈ പെന്തെക്കോസ്തിൽ പല പരിപാടികളും നടക്കും. ആൾക്കാർ അതുകൊണ്ടല്ലേ ഇടിച്ചു കയറുന്നേ... ആ പന്തലിൽ നില്ക്കാൻ സ്ഥലമില്ലാത്ത പോലെ ആള് വരും നോക്കിക്കോ..."

ഔസപ്പേച്ചന്റെ വക പ്രവചനമാണ്.

"എന്തായാലും കൊള്ളാം ... ആ പള്ളിമുക്കിലെ സഭയിൽ നാലും മൂന്നും ഏഴ് പേരുണ്ട്. അതെനിക്കറിയാം". പീലിച്ചായൻ പറഞ്ഞവസാനിപ്പിച്ചു.

ഔസേപ്പച്ചന്റെ പ്രവചനം ശരിയായി. വണ്ടി പാർക്ക് ചെയ്യാൻ പോലും സ്ഥലമില്ലായിരുന്നു. വലിയ ആൾക്കൂട്ടം

വിമർശനത്തോടെ നോക്കിനിന്ന നാട്ടുകാരുടെ പോലും വായടഞ്ഞു പോയി. കുറ്റം പറഞ്ഞ പലരും അവിടെ യോഗത്തിന് പോയി തുടങ്ങി. വേളാങ്കണ്ണിയിലും പരുമലയിലും ശബരിമലയിലും മറ്റും പോയി മടുത്ത പലരും ഈ കൂട്ടത്തിലുണ്ടായിരുന്നു.

"ഈ പഴയ പെന്തെക്കോസ്തു പാസ്റ്ററുമാരുടെ പരിപാടിയൊന്നുമല്ല. അങ്ങ് തൃശൂരെ കാനാടി മഠവും, കാണിപ്പയൂർ നമ്പൂതിരിയും മാറി നിക്കും..." അനേകം പേരുടെ അഭിപ്രായങ്ങളിൽ ഒന്നു മാത്രമായിരുന്നു അത്.

എങ്ങനെ പറയാതിരിക്കും?

പേരും അഡ്രസ്സും സഹിതം വിളിച്ചു പറഞ്ഞതാണ് പാസ്റ്ററുടെ പ്രസംഗം.

വിളിക്കുന്ന പേരൊക്കെ കിറു കൃത്യം!!

പിന്നെ തലവേദന, വയറ്റുവേദന, ഹൃദയരോഗങ്ങൾ, നടുവേദന, ഉളുക്ക്, ചതവ്, പൊട്ടൽ... എല്ലാം നിമിഷങ്ങൾക്കുള്ളിൽ സൗഖ്യമാകുന്നു.

സൗഖ്യമായവരുടെ അത്ഭുത സാക്ഷ്യങ്ങൾ !!

ആളുകൾ ഇടിച്ചു കയറിക്കൊണ്ടേയിരുന്നു.

ഇത് സാക്ഷാൽ യേശു തന്നെ !! നാട്ടുകാർക്ക് ഒരു സംശയവുമില്ലായിരുന്നു.

"ഹേയ്... യേശുവേ... യേശുവിന് താടിയുണ്ടായിരുന്നല്ലോ... ഏതെങ്കിലും ദൈവദൂതനാകാനാണ് സാദ്ധ്യത". അങ്ങനെ അഭിപ്രായപ്പെട്ടവരും ഉണ്ടായിരുന്നു. എന്തൊരു തേജസ്സ്!! എന്തൊരു സൗമ്യത!! അങ്ങ് ദൂരെ ആഫ്രിക്കയിൽ നിന്നും പോലും ദൈവദാസന്മാർ വന്നു.

"നിങ്ങൾ ഭാഗ്യം ചെയ്തവരാണ്. അതുകൊണ്ടാണ് ഈ ദൈവദൂതനെ നിങ്ങൾക്ക് മുമ്പിൽ അയച്ചിരിക്കുന്നത്. ശാപം മാറേണ്ടിയവർ, അനുഗ്രഹം വേണ്ടിയവർ കാണിക്ക അർപ്പിച്ച് അനുഗ്രഹം വാങ്ങിച്ചു കൊള്ളൂ" ആഫ്രിക്കൻ ദിവ്യന്റെ ആഹ്വാനം കേൾക്കേണ്ടതാമസം, കാണിക്കയുമായി ഭക്തജനങ്ങൾ ഓരോരുത്തരായി വന്നു വണങ്ങി, കാണിക്ക അർപ്പിച്ചു. "കുരിശടിയിൽ പോയി മാത്രമേ ഇത്രേയും നാൾ കാണിക്ക ഇട്ടിട്ടുള്ളൂ. ആദ്യമായി ജീവനുള്ള കുരിശിന് മുമ്പിൽ കാണിക്കയർപ്പിക്കാൻ അവസരം തന്നല്ലോ ദൈവമേ..." കൂട്ടത്തിൽ ഒരു അമ്മച്ചി അങ്ങനെയും പ്രാർത്ഥിച്ചു.

പല അത്ഭുതങ്ങളും അവിടെ നടന്നു. ദൈവദാസൻ കസേര എടുത്തു പൊക്കിയപ്പോൾ, കസേരയിൽ നിന്നും വരെ ശക്തി പുറപ്പെട്ടു.

ഇതൊക്കെ തട്ടിപ്പാണെന്നും, ദൈവീകമല്ലെന്നും വാദിക്കുന്ന അനേകർ പുറത്തുണ്ടായിരുന്നു. വേദപുസ്തക ഉപദേശങ്ങൾക്ക് വിരുദ്ധമാണെന്ന് പല 'ഓൾഡ് ജനറേഷൻ' വിശ്വാസികളും വാദിക്കുന്നുണ്ടായിരുന്നു. മറ്റു കുറച്ചുപേർ ഈ തട്ടിപ്പിനെതിരെ ഫേസ്ബുക്കിൽ കൂടിയും മറ്റും പ്രതിഷേധിച്ചു.

നാളുകൾ കുറച്ചു കഴിഞ്ഞു. ഒരു ദിവസം, ശാപം മാറി അനുഗ്രഹം പ്രാപിക്കാൻ വന്നവർ ദൈവദൂതന്റെ വായിൽ നിന്ന് വന്ന വാക്കുകൾ കേട്ട് ഞെട്ടി.

"എന്നോട് കളിച്ചാൽ നിന്റെ അഞ്ചാം തലമുറ വരെ ഗതിപിടിക്കുകേല". ദിവ്യന്റെ വാക്കുകൾ കേട്ട് ശാപം പൊട്ടിയവർ ഞെട്ടിപ്പോയി. ഇതി നിടയിൽ പണം വാങ്ങി കള്ള സാക്ഷ്യം പറഞ്ഞ പല ജൂനിയർ ആർട്ടിസ്റ്റുകളെയും, നാടകനടികളെയും നാട്ടുകാർ കയ്യോടെ പൊക്കിയിരുന്നു. നാളുകൾ കഴിഞ്ഞു. ആളുകളുടെ എണ്ണം കുറഞ്ഞ് തുടങ്ങി. ഒരു രാത്രി. വന്മഴ പെയ്തു. വലിയ ശബ്ദത്തോടെ ആ പന്തൽ തകർന്നു വീണു. "ഇപ്പോൾ ശരിക്കും ആ ശാപം അങ്ങ് പൊട്ടി". ചായക്കടയിൽ ഇരുന്ന് ഔസേപ്പച്ചൻ ഒരു മർമ്മം പറഞ്ഞു.

അപ്പോഴും, ആ രാത്രിയിൽ, കുറച്ച് ദൂരെ, പള്ളിമുക്കിലെ ആ ചെറിയ സഭയിൽ, നാലും മൂന്നും ഏഴ് പേരുടെ കൈയ്യടിയും പാട്ടും കേൾക്കുന്നുണ്ടായിരുന്നു.

# എക്സൽ വി. ബി. എസ്സ് ഓസ്ട്രേലിയയിൽ

**സിഡ്നി:** സിഡ്നി പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 11 - 13 വരെ വി. ബി.എസ്സ് പെഡസ്റ്റോ ഹാലിൽ നടന്നു. പാസ്റ്റർ എബ്രഹാം ജോർജ് ഉദ്ഘാടനം നിർവ്വഹിച്ചു. ടോമി ഉണ്ണൂണി, ജോബിൻ, ബോണി തോമസ് എന്നിവർ നേതൃത്വം നൽകിയ വി.ബി. എസ്സിൽ ബിനു ജോസഫ് വടശ്ശേരിക്കര, പ്രൊഫ. സാം സക്കറിയ എന്നിവർ ക്ലാസുകൾ നയിച്ചു.

**ചോദ്യോത്തരവേദി**

# സാത്താൻ പഴയനിയമത്തിൽ

*ചോദ്യം:* യേശുക്രിസ്തുവിന്റെ ശുശ്രൂഷാകാലത്തും അപ്പോസ്തലന്മാരുടെ കാലത്തും ഭൂതങ്ങളെ പുറത്താക്കുന്ന ശുശ്രൂഷ വളരെയധികം നടത്തിയിരുന്നു. എന്നാൽ പഴയനിയമകാലഘട്ടത്തിൽ ഈ ശുശ്രൂഷ ആരും നടത്തിയതായി കാണുന്നില്ല. ദുരാത്മാക്കൾ ശൗൽ രാജാവിനെ പീഡിപ്പിച്ചതായും (1 ശമു. 16:14-16), അനുസരണം കെട്ട പ്രവാചകന്മാരിൽകൂടി ഭൂതങ്ങൾ സംസാരിച്ചതായും കാണുന്നു (1 രാജാക്കന്മാർ 22:23; 1 യോഹ. 4:1). പഴയനിയമകാലഘട്ടത്തിൽ **സാത്താന്റെ പ്രവർത്തനം** കുറവായിരുന്നോ? വിശദീകരിക്കുക. **– ജയ്മോഹൻ**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

*ഉത്തരം:* പഴയനിയമ കാലഘട്ടത്തിൽ ഭൂതങ്ങളെ **നിയമപരമായി പുറത്താക്കുന്ന** ശുശ്രൂഷ ആർക്കും നൽകിയിട്ടില്ലായിരുന്നു. കാരണം, കർത്താവ് അരുളിച്ചെയ്തു: ബലവാനെ (സാത്താനെ) പിടിച്ചുകെട്ടിയിട്ടല്ലാതെ അവന്റെ രാജ്യം കവർച്ച ചെയ്യാൻ സാധിക്കയില്ല (മർക്കോസ് 3:27). **പിശാചിന്റെ പ്രവർത്തികൾ നശിപ്പിക്കുവാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി (1 യോഹ. 3:8).** ഭൂതങ്ങളെ വിശ്വാസികൾ പുറത്താക്കുന്നത് ദൈവരാജ്യത്തിന്റെ ലക്ഷണങ്ങളിലൊന്നാണ് (ലൂക്കോസ് 11:20; മത്തായി 12:28).

കുറെനാൾ ദൈവഹിതപ്രകാരം ജീവിച്ചശേഷം, പിന്നീട് അനുസരണം കെട്ടവരായി മാറുമ്പോൾ, **കർത്താവിന്റെ സാന്നിദ്ധ്യം വിട്ടുമാറുമ്പോൾ,** അശുദ്ധാത്മാക്കൾ പ്രവർത്തിക്കാറുണ്ട്. ശൗൽ രാജാവിലും പ്രവാചകന്മാരിലും ഭൂതങ്ങൾ പ്രവർത്തിച്ചത് അതുകൊണ്ടാണ്. **പുതിയനിയമ വിശ്വാസികളിലും അതുപോലെ സംഭവിക്കാറുണ്ട്.** അതുകൊണ്ടാണ് താഴെക്കുറിക്കുന്ന അപ്പൊസ്തലിക ഉപദേശമുള്ളത്. 'പിശാചിന് ഇടം കൊടുക്കരുത്' (എഫെ. 4:27); 'പിശാചിനോട് എതിർത്തു നിൽപീൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും' (യാക്കോബ് 4:7). "സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ" (1 കൊരി. 2:11).

**സാത്താന്റെ പ്രവർത്തനം പഴയനിയമ കാലഘട്ടത്തിൽ**

സാത്താന്റെ പ്രവർത്തനം പഴയനിയമ കാലഘട്ടത്തിലും ഒരു കുറവുമുണ്ടായിരുന്നില്ല. 'സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും' (ഉല്പത്തി 3:15) എന്ന് ദൈവം സാത്താനോട് കല്പിച്ച നാൾ മുതൽ, തന്റെ വിധി നടപ്പാക്കാൻ വരുന്ന പുരുഷപ്രജയെ സാത്താൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. മനുഷ്യവർഗ്ഗത്തിൽ രണ്ടാം തലമുറയിൽ തന്നെ ഹാബേലിൽ ദൈവം പ്രസാദിച്ചിരിക്കുന്നത് പിശാച് കണ്ടു (ഉല്പത്തി 4:4). സഹോദരനായ കയീനിൽ സാത്താൻ പ്രവർത്തിച്ചു. കയീൻ ഹാബേലിനെ കൊന്നു...

ദൈവപ്രസാദമുള്ള പുരുഷപ്രജ ജനിക്കാതിരിക്കുവാൻ മനുഷ്യവർഗ്ഗത്തെ മൊത്തമായി അശുദ്ധമാക്കുവാൻ നോഹയുടെ കാലത്ത് സാത്താൻ ശ്രമിച്ചു (ഉല്പത്തി 6:5). എന്നാൽ നോഹയേയും കുടുംബത്തെയും അശുദ്ധമാക്കുവാൻ സാത്താന് കഴിഞ്ഞില്ല.

ജനങ്ങൾ ഭൂമിയിൽ ചിതറിപ്പോയാൽ, സർവ്വവ്യാപിയല്ലാത്ത സാത്താന് സ്ത്രീയുടെ സന്തതിയെ കണ്ടുപിടിക്കാൻ കൂടുതൽ അലയേണ്ടി വരുമെന്ന് മനസ്സിലായപ്പോൾ, ബാബേലിൻ പട്ടണം പണിത് ജനങ്ങളെല്ലാം ഒരുമിച്ച് ജീവിക്കാൻ സാത്താൻ പ്രേരിപ്പിച്ചു (ഉല്പത്തി 11)..

അബ്രഹാമിൽ ദൈവം പ്രസാദിച്ചിരുന്നത് സാത്താൻ കണ്ടപ്പോൾ, സാറായെ അബീമലേക്ക് രാജാവിന്റെ കൊട്ടാരത്തിലും ഫറവോന്റെ കൊട്ടാരത്തിലും കൊണ്ടുപോയി അശുദ്ധമാക്കാൻ ശ്രമിച്ചു (ഉല്പത്തി 12; ഉല്പത്തി 20).

അബ്രഹാം വാർദ്ധക്യത്തിൽ മരിക്കുമെന്നും മിസ്രയിമിലേക്ക് പോകുന്ന അബ്രഹാമിന്റെ സന്തതികളുടെ **നാലാം തലമുറ** മിസ്രയീമ്യരെ ന്യായം വിധിക്കുമെന്ന് ദൈവം അരുളിച്ചെയ്തത് സാത്താൻ കേട്ടു (ഉല്പത്തി 15:14-16). നാലാം തലമുറയിൽ ജനിക്കുന്ന എല്ലാ ആൺകുട്ടികളെയും കൊല്ലുവാൻ മിസ്രയീമിലെ ഫറവോനിൽ സാത്താൻ പ്രവർത്തിച്ചു. എന്നാൽ നാലാം തലമുറക്കാരനായ മോശെയെ കൊല്ലുവാൻ കഴിഞ്ഞില്ല (1 ദിന. 6:1-3)... ദാവീദു രാജാവിൽ ദൈവത്തിന്റെ പ്രസാദം സാത്താൻ കണ്ടു (2 ശമു.7:13; 1 ദിന.21:1). ദാവീദു രാജാവിന്റെ മക്കളിലും കൊച്ചുമക്കളിലും ദൈവപ്രസാദമുള്ള പുരുഷപ്രജ ജനിക്കാതിരിക്കാൻ സാത്താൻ പ്രവർത്തിച്ചു (രാജാക്കന്മാരുടെ പുസ്തകം)...

വിദ്വാന്മാർ ഹെരോദാ രാജാവിന്റെ കൊട്ടാരത്തിൽ വന്നപ്പോൾ സ്ത്രീയുടെ സന്തതി ജനിച്ചതായി സാത്താന് മനസ്സിലായി. കുഞ്ഞിനെ കണ്ടെത്താൻ സാധിക്കാഞ്ഞതുകൊണ്ട് രണ്ടുവയസ്സിൽ താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളെയും കൊല്ലിച്ചു (മത്തായി 2:16). യോഹന്നാൻ സ്നാപകൻ യേശുവിനെ സ്നാനപ്പെടുത്തുമ്പോൾ, 'ഇവൻ എന്റെ പ്രിയ പുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന് സ്വർഗ്ഗത്തിൽ നിന്ന് ശബ്ദമുണ്ടായപ്പോൾ (മത്തായി 3:17), സ്ത്രീയുടെ സന്തതി ജീവിച്ചിരിക്കുന്നു എന്ന് സാത്താന് മനസ്സിലായി.

തന്റെ തല തകർക്കാതിരിക്കാനുള്ള കൂടിയാലോചനയ്ക്കും ഉടമ്പടിയ്ക്കുമായി സ്ത്രീയുടെ സന്തതിയെ മരുഭൂമിയിൽ വച്ച് സാത്താൻ നേരിട്ടു (മത്തായി 4:1-11-).

യേശുവിന്റെ ക്രൂശീകരണത്തോടുകൂടി ദൈവത്തിന്റെ നീതി മനുഷ്യവർഗ്ഗത്തോടും നടപ്പാകുകയും പിന്നീട് യേശു ഉയർക്കുകയും ചെയ്യുമെന്ന് അറിഞ്ഞിരുന്നുവെങ്കിൽ സാത്താൻ യൂദായിലും മഹാപുരോഹിതന്മാരിലും പീലാത്തോസിലും പ്രവർത്തിക്കയില്ലായിരുന്നു (1 കൊരി. 2:8).

"യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിക്കുവീൻ...
ഒന്നിനും ഇണയില്ലാതിരിക്കയില്ല. അവന്റെ വായല്ലോ കല്പിച്ചത്;
അവന്റെ ആത്മാവത്രേ കൂട്ടി വരുത്തിയത്" (യെശയ്യാവ് 34: 16).







MATRIMONIAL

രക്ഷിക്കപ്പെട്ട്, സ്നാനമേറ്റ് ദൈവകൃപയിൽ നിൽക്കുന്ന ഗൾഫിൽ നല്ല ജോലിയുള്ള പെന്തെക്കോസ്ത് യുവാവ് (28, 155cm) സ്വദേശത്തോ, വിദേശത്തോ ജോലിയുള്ള പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു

**ഫോൺ: 9446663736**


## ക്യാമ്പസ് ക്രൂസേഡ് പ്രസിഡന്റ് ഡോ. തോമസ് ഏബ്രഹാം നിര്യാതനായി



**ബെംഗളൂരു:** ഇന്ത്യാ ക്യാമ്പസ് ക്രൂസേഡ് സ്ഥാപകനും പ്രസിഡന്റുമായ കോട്ടയം കാനം കോയിപ്പുറത്ത് ഡോ. തോമസ് ഏബ്രഹാം (സണ്ണി-81) കാനഡയിലെ ടൊറോന്റോയിൽ നിര്യാതനായി. ഇടുക്കിയിൽ എസ്റ്റേറ്റ് സൂപ്രണ്ടായും കെ.എസ്.ഇ.ബിയിൽ ഉദ്യോഗസ്ഥനായും പ്രവർത്തിച്ചിട്ടുള്ള തോമസ് തുടർന്ന് അമേരിക്കയിലേക്കു കുടിയേറി. കേരളത്തിൽ ക്യാമ്പസ് ക്രൂസേഡിന് 1968-ൽ എറണാകുളം മഹാരാജാസ് കോളജിൽ തുടക്കം കുറിച്ചത് ഇദ്ദേഹമാണ്.

ഒരു ദശകത്തിനകം നൂറോളം ക്യംപസുകളിൽ വിദ്യാർത്ഥികൾക്കിടെ ക്യാമ്പസ് ക്രൂസേഡ് പ്രവർത്തനം വ്യാപിച്ചു. മധ്യേഷ്യ, ഫസഫിക്ക് മേഖലയിലും ക്രൂസേഡിനു വേണ്ടി സേവനമനുഷ്ഠിച്ച തോമസ് കുറെക്കാലം ഫിലിപ്പൈൻസിലായിരുന്നു.

**ഭാര്യ: മോളി, മക്കൾ: സുജ്ഞിയ, സുനിൻ, സുനീഷ്**


## ആവശ്യമുണ്ട്

സംസാരശേഷിയും കാഴ്ചശക്തിയും ഇല്ലാത്ത പതിനഞ്ച് വയസ്സുള്ള ആൺകുട്ടിയെ കുടുംബമായി താമസിച്ചു നോക്കുവാൻ താല്പര്യമുള്ള പെന്തെക്കോസ്ത് വിശ്വാസികളോ ശുശ്രൂഷകരോ ബന്ധപ്പെടുക. ഭക്ഷണം, താമസം സൗജന്യം.

ഫോൺ: 7034447295

**ലേഖനം**

# ക്രിസ്തുവിനെ പ്രദർശിപ്പിക്കുന്ന യാഗങ്ങൾ!!



ഷൈജു ഡാനിയേൽ, അടൂർ

കുറെ കാലം കഴിഞ്ഞിട്ട് കായീൻ നിലത്തെ അനുഭവത്തിൽ നിന്നും യഹോവയ്ക്ക് ഒരു വഴിപാട് കൊണ്ടുവന്നു... പക്ഷെ അവന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചില്ല. അതിനെ തുടർന്നു അനുജനായ ഹാബേലും വഴിപാടുമായി ദൈവമുൻപാകെ എത്തി...അവന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു!! കായീനിലും ഉത്തമമായ യാഗമായിരുന്നു ഹാബേൽ കഴിച്ചത് എന്നാണ് എബ്രായ ലേഖന കർത്താവ് ഇതിനെ സംബന്ധിച്ചു പരാമർശിക്കുന്നത്. ഈ ഉത്തമ യാഗത്തിന് പിന്നിലെ രഹസ്യമെന്തായിരുന്നു?

കായീൻ യാഗം അർപ്പിക്കുന്നതു കൊണ്ടു ഞാനും ഒരു യാഗം അർപ്പിക്കുന്നു എന്നതിൽ നിന്നും വ്യത്യസ്തമായി യാഗാർപ്പണത്തിനായി തന്നിൽ വ്യാപരിച്ചിരുന്ന ഒരു മഹത്തായ വിശ്വാസം ഉണ്ടായിരുന്നു. അമ്മയപ്പന്മാരിലൂടെ പകർന്നു കിട്ടിയ, ഭാവിയിൽ അറുക്കപ്പെടുവാൻ പോകുന്ന ദൈവകുഞ്ഞാടിനെ കുറിച്ചുള്ള വിശ്വാസം!! പാപം ചെയ്ത അമ്മയപ്പന്മാർ സ്വയപ്രയത്നത്താൽ അത്തിയില കൊണ്ടുണ്ടാക്കിയ അരയാട കൊണ്ടു ദൈവമുൻപാകെ നിൽക്കാൻ ശ്രമിച്ചതും അതു വെയിലേറ്റു കരിഞ്ഞുപോയതും അതിനു പകരമായി ഒരു മൃഗം അറുക്കപ്പെട്ടതും അവരുടെ പാപകാരണമായ നഗ്നത മറയ്ക്കാൻ അതിന്റെ തോൽ യഹോവ അവരെ ഉടുപ്പിച്ചതും ഒക്കെ അവർ അറിഞ്ഞിട്ടുണ്ടാകും!! അതു മാത്രമല്ല സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന പാമ്പിനോടുള്ള പ്രവചനവും അവർ കേട്ടിട്ടുണ്ടാകും. അതുകൊണ്ടു തന്നെ ഹാബേൽ യാഗമർപ്പിക്കുമ്പോൾ ഭാവിയിൽ അറുക്കപ്പെടുവാൻ പോകുന്ന ക്രിസ്തുവേശുവിനെ കുറിച്ചുള്ള വിശ്വാസത്തിൽ അവൻ കായീനിലും ഉത്തമമായ യാഗം കഴിച്ചു ദൈവപ്രസാദം നേടി!!

കേവലം ചില ചടങ്ങുകളുടെ അനുവർത്തനങ്ങളായി മാത്രം നമ്മുടെ അർപ്പണങ്ങളും സമർപ്പണങ്ങളും ആയിത്തീരരുത്. ആരെയൊക്കെയോ പിന്തുടരാനും അനുകരിക്കാനുമുള്ള പരിശ്രമങ്ങൾ ആകരുത് നമ്മുടെ വഴിപാടുകൾ. നാം അർപ്പിക്കുന്ന എല്ലാ വഴിപാടുകളിലും പ്രതിഫലിച്ചു നിൽക്കേണ്ടത് ക്രിസ്തുവായിരിക്കണം. യേശുവിനെ പ്രദർശിപ്പിക്കാനുള്ള അവസരങ്ങളായി മാറണം. നമ്മുടെ ഓരോ യാഗങ്ങളും!! ദൈവത്തിനു വേണ്ടിയുള്ള എല്ലാ ചുവടുവയ്പ്പുകളിലും നമ്മുടെ അർപ്പണങ്ങളിൽ ദൈവം പ്രസാദിക്കുന്നുണ്ടോ എന്നു നിർണ്ണയിക്കപ്പെടുന്നത്! കായീന്യയാഗത്തോട് ചേർന്ന് ഒരു പങ്കാളിത്വ ശുശ്രൂഷ എന്നതിനെക്കാൾ യേശുവിനെ പ്രതിനിധീകരിക്കുന്ന വഴിപാടുകൾ ആയിരിക്കണം നമ്മിൽ നിന്നും ഉണ്ടാകേണ്ടത്!! കായീന് സംഭവിച്ച പരാജയം അവന്റെ യാഗത്തിലൂടെ യേശുവിനെ അവൻ മുൻകണ്ടില്ല എന്നതായിരുന്നു അഥവാ അവന്റെ വഴിപാടിലൂടെ അവൻ യേശുവിനെ പ്രദർശിപ്പിച്ചില്ല!!.

ദൈവത്തിന്റെ പേരിൽ എന്തൊക്കയോ നാം ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നമ്മിൽ ഉളവാകുന്ന സംതൃപ്തി (കായീനിൽ സംഭവിച്ചത്) ദൈവം നമ്മെ അംഗീകരിക്കുന്നു എന്നതിന്റെ തെളിവല്ല!! നമ്മിൽ ഉളവാകുന്ന വൈകാരിക സംതൃപ്തിയെക്കാൾ യേശുക്രിസ്തു അഥവാ അവിടുത്തെ നാമം അതിലൂടെ ഉയർത്തപ്പെടുന്നുണ്ടോ എന്നതാണ് ഗൗരവമായ വസ്തുത!! മനഃപൂർവ്വമായോ അല്ലാതെയോ നാം രൂപപ്പെടുത്തുന്ന ശുശ്രൂഷാ മേഖലയിലെ തിരക്കുകയളും കഠിനമായ അദ്ധ്വാനങ്ങളും നമുക്ക് നൽകുന്ന ഒരു തരം സംതൃപ്തിയുണ്ട്. എന്തൊക്കെയോ നാം ചെയ്യുന്നു എന്നും കേവലം നമ്മുടെ കായികാദ്ധ്വാനങ്ങളിലൂടെ മാത്രം ദൈവപ്രസാദം ഇറങ്ങുമെന്നും ഉള്ള ധാരണ നമ്മെ തെറ്റിദ്ധരിപ്പിക്കുവാനായി പിശാച് മെനയുന്ന തന്ത്രങ്ങൾ ആണ്.

ക്രിസ്തുവിനെയും അവിടുത്തെ വചനത്തെയും ജനത്തിനു മറച്ചിട്ടു സ്വയ പ്രദർശനത്തിന്റെ സിംഹാസനങ്ങളാക്കി സുവിശേഷവേദികളെ ദുരുപയോഗം ചെയ്യുന്ന കപട വഴിപാടുകൾ കായീന്യ ആത്മീകതയുടെ പിന്തുടർച്ചക്കാരാണ് എന്നതിൽ തർക്കമില്ല. പാപം വാതിൽക്കൽ കിടക്കുമ്പോഴും ഞങ്ങൾ ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന എന്ന തെറ്റായ ചിന്ത പൊതുസമൂഹത്തിൽ വ്യാപിപ്പിച്ചു കൊണ്ടു ജനങ്ങളിൽ നിന്നും വഴിപാടുകൾ സ്വീകരിക്കുന്ന കുട്ടി ദൈവങ്ങളായി ഇത്തരക്കാർ മാറുന്നു!! ക്രിസ്തുവിനു പോകേണ്ടുന്ന മഹത്വം തങ്ങളിലേക്ക് മനപ്പൂർവ്വം വലിച്ചെടുപ്പിക്കുന്ന നിർമ്മിത കഥകളുടെ പ്രചാരകർ, തെറ്റായ സന്ദേശം നൽകി ജനത്തെ വഞ്ചിക്കുകയും സുവിശേഷത്തെ കച്ചവടചരക്കാക്കുകയുമാണ് ചെയ്യുന്നത്. യേശുക്രിസ്തുവും അവിടുത്തെ സുവിശേഷവും നാം ഒരുക്കുന്ന വേദികളിൽ പ്രദർശിപ്പിക്കപ്പെടുന്നില്ല എങ്കിൽ നമ്മുടെ അദ്ധ്വാനങ്ങളും പ്രയത്നങ്ങളും വ്യർത്ഥം!! യേശുവിനെ കാണുവാൻ വന്നവർ “എന്നെ” കണ്ടു സംതൃപ്തരായി മടങ്ങുന്ന ദുരവസ്ഥ ഏറെ ഗൗരവമായി കാണേണ്ടതുണ്ട്!!

യാഗാർപ്പണത്തിനായി കാർഷിക വിളകളും ആട്ടിൻകൂട്ടവും നമുക്ക് മുൻപിൽ ഉണ്ട്. കേവലം ദൈവത്തിനു വഴിപാടർപ്പിച്ചു എന്ന സംതൃപ്തിയാണ് ലക്ഷ്യമിടുന്നത് എങ്കിൽ നിലത്തെ അനുഭവങ്ങളിൽ നിന്നും യാഗം അർപ്പിക്കാം!! അല്ല യേശുവിനെ പ്രദർശിപ്പിക്കാനും അവിടുത്തെ നാമത്തെ ഉയർത്താനും അവിടുത്തെ പരമയാഗത്തെ പ്രധിനിധീകരിക്കാനും ആണ് നമ്മുടെ വഴിപാടിലൂടെ ലക്ഷ്യമാക്കുന്നത് എങ്കിൽ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്നും ആകാം. നമ്മുടെ വഴിപാടിനായുള്ള തിരഞ്ഞെടുപ്പുകൾ!! ആടോ കാർഷിക വിളയോ എന്നതല്ല വിഷയം, ക്രിസ്തുവിനെ പ്രദർശിപ്പിക്കാൻ ഉത്തമമായത് എന്താണ് എന്നതാണ് വിഷയം!!

## നിയമബോധന സെമിനാർ

**വൈക്കം:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ വൈക്കം സെന്ററിന്റെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന നിയമബോധന സെമിനാർ ആഗസ്റ്റ് 2-ാം തീയതി ചൊവ്വാഴ്ച 2.00 പി.എം-ന് വ്യാപാര ഭവനിൽ വെച്ച് നടക്കും. സെന്റർ പ്രസിഡന്റ് പാസ്റ്റർ രാജു ആനിക്കാടിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി സി. കെ. ആശ. എം. എൽ. എ. സെമിനാർ ഉദ്ഘാടനം ചെയ്യും. **“സൈബർ – സ്ത്രീ സുരക്ഷ, നിയമവും ശിക്ഷയും ആധുനിക സമൂഹത്തിൽ”** എന്ന വിഷയത്തിൽ ശ്രീ. വി.അജിത്ത് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് കോട്ടയം പ്രഭാഷണം നടത്തും. റവ. അലക്സ് പി. ഉമ്മൻ, ബ്രദർ ഗ്ലാഡ്സൺ ജേക്കബ്, പാസ്റ്റർ സുരേഷ് കീഴൂർ, പാസ്റ്റർ കെ. കെ. ബാബു, രാഷ്ട്രീയ സാമൂഹ്യ പ്രമുഖർ എന്നിവർ പങ്കെടുക്കും. പാസ്റ്റർമാരായ എം. എം. എബനേസർ, എം. എം. പീറ്റർ, എം. പി. ജെയിംസ്, സാംകുട്ടി, തുടങ്ങിയവർ നേതൃത്വം നൽകും

ഫോൺ: 9446187207ഷൈജു ഡാനിയേൽ

# 04 ഞാൻ ഭാരതത്തെ സ്നേഹിക്കുന്നു...

ന്നാണ്. ഇത് പലരുടെയും ഹൃദയങ്ങളെ കീറിമുറിച്ചു. ഒപ്പം ഈ സ്ത്രീരത്നത്തിന്റെ അംഗീകാരവും ഉയർന്നു.

*** ഇന്ത്യയിലേക്ക് മടങ്ങി വരുന്നതിനെക്കുറിച്ച്?**

എന്റെ മാതൃരാജ്യം പോലെയാണ് എനിക്ക് ഇന്ത്യ. ഇൻഡ്യയെയും ഇന്ത്യക്കാരെയും ഞാൻ വളരെ സ്നേഹിക്കുന്നു. 20 വർഷം കൊണ്ട് ഞാൻ ഇന്ത്യയിലെ പലതും പഠിച്ചു. ഇന്ത്യയിൽ വന്ന് തുടർ സേവനം ചെയ്യുവാൻ പല നിയമ തടസങ്ങൾ മുന്നിലുണ്ട്. ഞാൻ ഒരു ഓസ്ട്രേലിയൻ പൗരയാണ്.

*** ഭർത്താവിനെക്കുറിച്ചുള്ള ചില ഓർമ്മകൾ**

24 വയസ്സുള്ളപ്പോഴാണ് ഗ്രഹാം ഇൻഡ്യയിലേക്ക് സുവിശേഷ പ്രവർത്തനങ്ങൾക്കായി കടന്നു വന്നത്. ഒറീസയിലെ മയൂർബഞ്ചിലെ കുഷ്ഠരോഗാശുപത്രി 1896-ൽ ഓസ്ട്രേലിയൻ മിഷനറിമാർ ആരംഭിച്ചതാണ്. അവിടേക്കാണ് താൻ ആദ്യമായി എത്തിയത്. കൂടാതെ ഐ.ഇ.എം പ്രവർത്തനവുമായി ചേർന്ന് സുവിശേഷ പ്രവർത്തനങ്ങളിലും താൻ വ്യാപൃതനായിരുന്നു. കർത്താവിനായി തന്നാലാവോളം ഓടിയ ഒരാളായിരുന്നു ഗ്രഹാം.

*** ഫിലിപ്പ്, തിമൊത്തി എന്നീ മക്കളെക്കുറിച്ച്?**

ഒരു മാതാവിനും താങ്ങാൻ കവിയാത്ത ദുഃഖമാണ് എനിക്ക് ഇന്നും ഫിലിപ്പിനെയും തിമൊത്തിയെയും ഓർക്കുമ്പോൾ, അവർക്ക് കേവലം 7ഉം, 10 ഉം വയസായിരുന്നു വേർപ്പെട്ടപ്പോൾ. പിതാവിനെ പോലെ ഒരു സുവിശേഷവേലക്കാരൻ ആകാൻ ആയിരുന്നു ഫിലിപ്പിന്റെ ആഗ്രഹം. സ്കൂളിൽ പോകുമ്പോഴും ലഘുലേഖ വിതരണം ചെയ്യുന്നത് ഫിലിപ്പിന് താല്പര്യം ആയിരുന്നു. തിമൊത്തിയും ഫിലിപ്പും ജീവിച്ചിരുന്നെങ്കിൽ 30 നടുത്ത് പ്രായം കാണുമായിരുന്നു. പേർ വിളിക്കുന്ന നേരത്തിൽ ഇവരെയും കാണാം എന്ന പ്രതീക്ഷയാണ് ഈ മാതാവിന്റെ നുറുങ്ങുന്ന ഹൃദയത്തിലുള്ളത്.

*** പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവരോടുള്ള സന്ദേശം?**

ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്ന ചിന്ത നമുക്ക് ആശ്വാസം പകരുന്നതാണ്. അതുകൊണ്ട് നാം ധൈര്യം ഏറ്റെടുക്കാം (ഭർത്താവിനെയും രണ്ട് മക്കളുടെയും മൃതശരീരത്തിൻ മുമ്പിൽ നിന്നു കൊണ്ട് കർത്താവ് കരം പിടിച്ചിരിക്കുന്നതിനാൽ നാളെയെക്കുറിച്ച് ആകുലം ഇല്ല എന്നർത്ഥം ഉള്ള "because he lives I can face tomorrow" എന്ന ഇംഗ്ലീഷ് ഗാനം പാടിയ ധീരവനിതയാണ് ഗ്ലാഡിസ്)

*** ഇന്ത്യയിലെ ക്രിസ്ത്യാനികളോടുള്ള സന്ദേശം**

പീഢനങ്ങളും പ്രതിസന്ധികളും ആദിമകാലം മുതലെ സഭയിൽ ഉണ്ടായിരുന്നു. പീഢനങ്ങളാണ് സഭയെ വളർത്തിയത്. ഇന്നും സഭ വളരുമ്പോൾ പീഢനങ്ങൾ വർദ്ധിക്കും. എന്നാൽ നാം ഭയപ്പെടേണ്ടതില്ല. കാരണം സഭ ദൈവത്തിന്റെതാണ്. പ്രതിസന്ധികളുടെ നടുവിലാണ് ഇന്ത്യൻ സഭ കടന്നു പോകുന്നത്. എന്നാൽ ആശങ്ക വേണ്ട, ദൈവമാണ് സകലത്തെയും നിയന്ത്രിക്കുന്നത്.

ഇന്ത്യയിൽ ഞാൻ പ്രവർത്തിച്ച സമയങ്ങളിലും ഭീഷണിയും എതിർപ്പുകളും നേരിട്ടിട്ടുണ്ട്. എന്നാൽ എനിക്ക് വിലപ്പെട്ട മക്കളെയും ഭർത്താവിനെയും ഇന്ത്യയിൽ ബലി അർപ്പിക്കേണ്ടി വന്നത് എന്നെ വളരെ തളർത്തി. എനിക്കറിയാം അവരുടെ മരണം അനേകർക്ക് ജീവൻ പകരാൻ മുഖാന്തിരമായി.

*** കേരളത്തിൽ ഒരു മീറ്റിംഗിനായി ക്ഷണിച്ചാൽ വരുമോ?**

ഞാൻ ഒരു പ്രസംഗകയല്ല. കേരളത്തിൽ ചില മീറ്റിംഗുകളിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. വരാനുള്ള നിയമ തടസ്സങ്ങൾ ഏറെയാണ്.










*** ധാരാസിംഗ് രക്ഷിക്കപ്പെട്ടു എന്ന വാർത്തയെ പറ്റി?**

എന്റെ ഭർത്താവിനെയും മക്കളെയും കൊലപ്പെടുത്തുവാൻ മുമ്പിൽ നിന്ന ധാരാസിംഗ് രക്ഷിക്കപ്പെട്ടു എന്ന വാർത്ത എന്റെ കാതിലും എത്തിയപ്പോൾ സന്തോഷം തോന്നി. എന്നാൽ അത് വ്യാജമായിരുന്നു എന്ന് പിന്നീട് മനസിലാക്കി. അഥവാ രക്ഷിക്കപ്പെട്ടിരുന്നെങ്കിൽ ആദ്യമെ വിളിച്ച് മാപ്പ് പറയേണ്ടതല്ലേ എന്നോടല്ലേ? അദ്ദേഹം ജയിലിൽ തന്നെയാണെ ന്നാണ് ഞാൻ അറിഞ്ഞത്.

(സാമൂഹി ക പ്രവർത്തനത്തിലും സുവിശേഷീകരണ ത്തിലും മുന്നിട്ട് നിന്ന ഗ്ലാഡിസ് സ്റ്റെയിൻസിന് ഇൻഡ്യ ഗവൺമെന്റ് പത്മശ്രീ അവാർഡ് നൽകി ആദരിച്ചു. 2015-ൽ മദർ തെരേസ മെമ്മോറിയൽ അവാർഡ് ഏറ്റുവാങ്ങി. അവസാനമായി ഇന്ത്യയിൽ എത്തിയതും ഇതിനായിട്ടാണ്).

ഏകദേശം 60-വയസിനു മുകളിൽ പ്രായം ഉണ്ടെങ്കിലും നേഴ്സായി ജോലി ചെയ്യുന്നതോടൊപ്പം ഒറീസയിലെ കുഷ്ഠരോഗാശുപത്രി പ്രവർത്തനങ്ങൾക്കായി പണം കണ്ടെത്തുന്നു. ഒഴിവുവേളകളിൽ കൊച്ചുമക്കളോടൊപ്പം സമയം ചിലവഴിക്കുന്നു. പാസ്റ്റർ സജിമോന്റെ വീട്ടിൽ നിന്ന് പൂരിയും കറിയും കഴിച്ചപ്പോൾ പഴയ ഇന്ത്യൻ ഭക്ഷണത്തിന്റെ രുചി ഒന്നുകൂടെ ഓർത്തു. മാത്രമല്ല മകൾ എസ്തേറിനായി അനു ആന്റി നൽകിയ ഭക്ഷണ പൊതിയുമായി നടന്നു നീങ്ങുമ്പോൾ ഞങ്ങളുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

**വാൽകക്ഷണം**

ജീവിതത്തിൽ നേരിട്ട പ്രതിസന്ധിയെ സധൈര്യം അതിജീവിച്ച ഒരു ധീരവനിതയാണ് ഗ്ലാഡിസ് സ്റ്റെയിൻസ് അവരുമായുള്ള കൂടിക്കാഴ്ച ഞങ്ങൾക്ക് പുത്തനുണർവ്വ് പകർന്നു. ജീവിതത്തിലെ നല്ലൊരു ആയുസ്സ് ഇന്ത്യയിലെ സുവിശേഷീകരണത്തിന് മാറ്റി വെച്ച ഗ്ലാഡിസ് ഇന്നും തിരക്കിട്ട ജീവിതത്തിനുടമയാണ്.

(Special thanks: ഇമ്മാനുവേൽ പെന്തെക്കോസ്ത് ചർച്ച് പാസ്റ്റർ സജിമോൻ സക്കറിയ).

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 14

BELIEVERS JOURNAL

PUBLISHED ON 25/07/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

# പാസ്റ്റർ തോമസ് ഫിലിപ്പ് വെണ്മണി ജനറൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക്

കർത്താവിൽ ഞാൻ സ്നേഹിക്കുന്ന ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയിലെ ശുശ്രൂഷകന്മാർക്കും സഭാ പ്രതിനിധികൾക്കും ക്രിസ്തുയേശുവിന്റെ ധന്യനാമ ത്തിലുള്ള സ്നേഹവന്ദനം.

മൂന്നു പതിറ്റാണ്ടിലധികമായി ദൈവസഭയുടെ ഒരു എളിയ പ്രവർത്തകനാണ് ഞാൻ. കർത്താവ് തന്ന കൃപയ്ക്കനുസൃതമായി സ്വർഗ്ഗരാജ്യത്തിന്റെ വിശാലതയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ദൈവനാമ മഹത്വത്തിനായി അഹോരാത്രം അദ്ധ്വാനിക്കുകയും ചെയ്തിട്ടുള്ളത് നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. പാഴ്സനേജുകളിൽ വളർന്നും സുവിശേഷവേലയുടെ ഭാഗമായി ഏൽക്കേണ്ടി വന്നിട്ടുള്ള നിന്ദകളെല്ലാം വിശുദ്ധ പൗലോസ് പറയുന്നതുപോലെ ഛേദമെന്നെണ്ണി ഇന്നയോളം ചുമലിൽ വഹിക്കുന്നു. വിദേശസഭകളിൽ ചാർജ് വാങ്ങി പോകാനുള്ള അവസരം അനവധി ലഭിച്ചിട്ടുണ്ടുവെങ്കിലും കേരളത്തിലെ പാവപ്പെട്ടവരായ ദൈവമക്കളോട് കൂറ് പുലർത്തി സംസ്ഥാനത്തിന്റെ 14 ജില്ലകളിലും വ്യാപകമായി കർത്താവിനെ ഉയർത്തിക്കാണിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. അത് തുടരുകതന്നെ ചെയ്യും.

ദൈവസഭയുടെ നേതൃത്വത്തിലേക്ക് ഞാൻ വരണമെന്ന് കഴിഞ്ഞ ടേം മുതൽ സംസ്ഥാനത്തിന്റെ പല കോണുകളിൽ നിന്നും സമ്മർദ്ദം ഉണ്ടായിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എക്സിക്യൂട്ടീവിലേക്കുള്ള മത്സരത്തിൽ നിന്നും സീനിയറായ കർത്തൃഭൃത്യന്മാരുടെ അഭിപ്രായത്തെ മാനിച്ചാണ് അവസാനഘട്ടത്തിൽ പിന്മാറാൻ തിരുമാനിച്ചത്. സഭ നേരിടുന്ന പ്രതിസന്ധികൾ ഈ കാലഘട്ടത്തിൽ മുമ്പോട്ടുള്ള പ്രയാണത്തിന് തടസ്സമാകുകയും ദൈവമക്കൾ നേരിടുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ ഒരു മാറ്റം അനിവാര്യമാണ്.

വചനവിശുദ്ധിയും ജീവിതവിശുദ്ധിയും പാലിക്കുന്നവർ, ഇച്ഛാശക്തിയും ദിശാബോധവും ഉള്ളവരും നേതൃത്വങ്ങളിലേക്ക് വരണമെന്ന് ആഗ്രഹിക്കുന്ന ബഹുഭൂരിപക്ഷം ദൈവമക്കളുടെ സ്നേഹപൂർവ്വമായ സമ്മർദ്ദമാണ് എന്റെ സ്ഥാനാർത്ഥിത്വം. പി.വൈ.പി.എയുടെ പ്രാദേശികതലം മുതൽ പ്രവർത്തനങ്ങളിൽ സജീവമായ ഞാൻ ജനറൽ സെക്രട്ടറി പദം വരെയെത്തിയിട്ടുണ്ട്. ദൈവസഭയുടെ വിവിധ പുത്രികാസംഘടനകളിലും ബോർഡുകളിലും കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പി.വൈ.പി.എ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയായും യുവജനകാഹളം മാസികയുടെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.



ദീർഘവർഷങ്ങൾ ജനറൽ-സ്റ്റേറ്റ് കൗൺസിൽ അംഗം, ഇവാഞ്ചലിസം ബോർഡ് ചെയർമാൻ, ദൈവസഭയുടെ മുഖപത്രമായ സീയോൻ കാഹളത്തിന്റെ എഡിറ്റർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

വേദശാസ്ത്ര ബിരുദത്തിന് പുറമെ ഇംഗ്ലീഷ് വിശ്വസാഹിത്യത്തിൽ ബിരുദം കരസ്ഥമാക്കിയതിനൊപ്പം പത്രപ്രവർത്തന പരിശീലവും നേടിയിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട മിക്ക ബൈബിൾ കോളേജുകളിലും സ്കൂളുകളിലും ഞാൻ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചതിനാൽ വലിയ ഒരു ശിഷ്യസമ്പത്ത് എനിക്കുണ്ട്. എഴുത്തുകാരൻ, പ്രഭാഷകൻ, നിരൂപകൻ എന്നീ നിലകളിൽ പൊതുമദ്ധ്യത്തിൽ ശ്രദ്ധേയനാകുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ മിക്ക സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും അനവധി തവണ കർത്താവിനെ പ്രസംഗിക്കുവാൻ അവസരം ലഭിച്ചു. മല്ലപ്പള്ളി സീയോൺ ബൈബിൾ കോളേജിന്റെ വൈസ് പ്രിൻസിപ്പാളായി പ്രവർത്തിക്കുന്നു.

മാവേലിക്കര ഈസ്റ്റ് സെന്റർ മിനിസ്റ്ററും വെണ്മണി സഭാ ശുശ്രൂഷകനുമായി കർത്താവിന്റെ മഹത്വമുള്ള വേല ചെയ്യുന്നു. ഓഗസ്റ്റ് 10 ന് നടക്കുന്ന ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പിന് മുമ്പ് എല്ലാവരേയും നേരിൽ കാണണമെന്നാണ് ആഗ്രഹം. ജനറൽ എക്സിക്യൂട്ടീവിലേക്കുള്ള തിരഞ്ഞെടുപ്പ് ആയതിനാൽ ആരെയെങ്കിലും നേരിൽ കാണുവാൻ കഴിയാതെ വന്നാൽ ഈ അഭ്യർത്ഥന മാനിച്ച് എല്ലാവരും എന്നെ സഹായിക്കണം. ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയിലെ എല്ലാ ശുശ്രൂഷകന്മാരുടെയും സഭാ പ്രതിനിധികളുടെയും പ്രാർത്ഥനയും സഹായവും ഞാൻ ചോദിക്കുകയാണ്. വരാൻ പോകുന്ന ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പിൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്കാണ് നോമിനേഷൻ നൽകിയിരിക്കുന്നത്. ഇത്രത്തോളം നടത്തിയ ദൈവത്തിന് സകല മഹത്വവും.

ക്രിസ്തുവിൽ
നിങ്ങളുടെ സഹോദരൻ

**പാസ്റ്റർ തോമസ് ഫിലിപ്പ്,
വെണ്മണി**

## അമേരിക്കൻ വീക്ഷണം

# പിസിനാക്കിന് അനുഗ്രഹ സമാപ്തി: എല്ലാവർക്കും നന്ദി!



**ജോൺസ് പി. മാത്യൂസ്
ടെന്നസ്സി**

ഒരു കോൺഫറൻസ് കൂടി കടന്നു പോയി. കഴിഞ്ഞ 33 വർഷം നടന്നിട്ടുള്ള കോൺഫറൻസുകളെ വിലയിരുത്തിയാൽ ചരിത്രത്തിലെ ഏറ്റവും വലിയ വിശ്വാസ സംഗമത്തിനാണ് ഡാളസ് പട്ടണം സാക്ഷ്യം വഹിച്ചത്. 8500 ഓളം വിശ്വാസികൾ പങ്കെടുത്തുവെന്നാണ് വിലയിരുത്തപ്പെടുന്നത്. ജനത്തിരക്ക് മൂലം ശനിയാഴ്ച രാവിലെ തന്നെ രജിസ്ട്രേഷൻ നിർത്തിവെയ്ക്കേണ്ടി വന്നത്. ചരിത്രത്തിലെ തന്നെ ആദ്യത്തെ സംഭവമാണ്. അനിയന്ത്രിതമായി ഒഴുകിയെത്തിയ വിശ്വാസികളെ നിയന്ത്രിക്കാൻ വോളന്റിയേഴ്സിന് നന്നേ പാടുപെടേണ്ടി വന്നു. ഏറ്റവും കൂടുതൽ വിദേശ സന്ദർശകരും മീഡിയ പ്രവർത്തകരും എത്തിയത് ഈ കോൺഫറൻസിലായിരുന്നു. ശാരീരിക അസ്വാസ്ഥ്യം മൂലം പ്രധാന പ്രസംഗകനായിരുന്ന റവ. റെയ്നാർഡ് ബോങ്കെയ്ക്ക് പങ്കെടുക്കാൻ കഴിയാതിരുന്നത് വിശ്വാസികളെ നിരാശപ്പെടുത്തിയെങ്കിലും മറ്റു പ്രസംഗകരായ റവ. ഫ്രാൻസിസ് ചാൻ, റവ. ഡാനിയേൽ കോളേണ്ട, റവ. ബാബു ചെറിയാൻ എന്നിവരുടെ സാന്നിധ്യം അനുഗ്രഹത്തിന്റെ മാരി ജനങ്ങളിലേക്ക് കവിഞ്ഞൊഴുകി. ഹിൽ സോങിന്റെ ഗാനശുശ്രൂഷകൾ യുവജനങ്ങൾക്ക് പുത്തനുണർവ്വ് സൃഷ്ടിച്ചു. ചെറിയ ചില പോരായ്മകൾ ഒഴിച്ചാൽ ഏറ്റവും അനുഗ്രഹിമായ 34-മത് കോൺഫറൻസ് അനുഗ്രഹ സമാപിച്ചു.

34-മത് കോൺഫറൻസ് എന്തുകൊണ്ടും പ്രത്യേകതയുള്ളതായിരുന്നു. ചെറുപ്പക്കാരുടെ നേതൃത്വം എന്നാണ് ഈ കോൺഫറൻസിനെ വിശേഷിപ്പിച്ചിരുന്നത്. തുടക്കം മുതൽ ചെറിയ അസാരസ്യങ്ങൾക്ക് പോലും ഇടനല്കാതെ നാഷണൽ - ലോക്കൽ നേതൃത്വം ഒരുമിച്ച് നിന്ന് പ്രവർത്തിച്ച കോൺഫറൻസായിരുന്നു ഇത്. ചരിത്ര മുഹൂർത്തമായ സ്മരണികയുടെ പ്രകാശനം, പരാതികൾക്കിട നൽകാതെ ചെറുതും വലുതുമായ എല്ലാ പ്രസ്ഥാനങ്ങൾക്കും പ്രാധാന്യം നൽകി പ്രതിനിധികളെ പങ്കെടുപ്പിക്കുകയും യുവജനങ്ങൾക്ക് ഏറ്റവും കൂടുതൽ അവസരം നൽകുകയും 38 ടീമുകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സ്പോർട്ട്സ് ആക്റ്റിവിറ്റീസ് മുതലായവ എടുത്ത് പറയേണ്ട പ്രത്യേകതകളാണ്. ഏറ്റവും കൂടുതൽ ശുശ്രൂഷകരെ പങ്കെടുപ്പിച്ച് കൊണ്ട് നടത്തിയ തിരുവത്താഴ ശുശ്രൂഷയാണ് മറ്റൊരു പ്രത്യേകത. ചരിത്രത്തിലാദ്യമായി നാഷണൽ ക്വയർ രൂപീകരിക്കുകയും പ്രത്യേക യൂണിഫോമോടെവേദിയിൽ അണിനിന്നത് ഹൃദ്യതയുണർത്തി.

34-മത് കോൺഫറൻസിന്റെ ടെന്നസ്സി സ്റ്റേറ്റിന്റെ റെപ്രെസെന്റിറ്റീവായ എനിക്ക് പബ്ലിസിറ്റി കോർഡിനേറ്ററായും സുവനീറിന്റെ ചീഫ് എഡിറ്ററായും പ്രവർത്തിക്കാൻ സാധിച്ചു.

എല്ലാ പത്ര-ദൃശ്യ മീഡിയകളും മാക്സിമം വാർത്ത നല്കി സഹായിച്ചതിൽ ഞങ്ങൾ നന്ദി അറിയിക്കുന്നു. സുവനീറിന്റെ വർക്കുകൾ പൂർത്തിയാക്കുവാനും ന്യൂസ് ലെറ്റർ സെറ്റ് ചെയ്യുവാനും ബ്രദർ രാജൻ ആര്യപ്പള്ളിൽ, ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു എന്നിവരോട് പ്രത്യേകമായി കടപ്പെട്ടിരിക്കുന്നു.

നാഷനൽ കൺവീനർ റവ. ഷാജി കെ. ഡാനിയേൽ നാഷനൽ സെക്രട്ടറി ബ്രദർ റ്റിജു തോമസ്, നാഷണൽ ട്രഷറാർ ബ്രദർ തോമസ് വർഗീസ്, നാഷനൽ യൂത്ത് കോർഡിനേറ്റർ ബ്രദർ എബ്രഹാം മോനീസ് എന്നിവർ തുടക്കം മുതലേ ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചു. മറ്റു ചുമതലകൾ വഹിക്കുന്ന ഭാരവാഹികളിൽ നിന്ന് ലഭിക്കുന്ന ആശയങ്ങളും അഭിപ്രായങ്ങളും ക്ഷമയോടെ കേൾക്കുവാനും സ്വീകാര്യമായത് തെരഞ്ഞെടുത്ത് നടപ്പിൽ വരുത്തുവാനും പരമാവധി ശ്രമിച്ചു. സംഘടനാ തലത്തിൽ നിന്നുകൊണ്ട് കാര്യങ്ങൾ നന്നായി കൈകാര്യം ചെയ്യുവാനുള്ള നാഷണൽ കൺവീനർ, സെക്രട്ടറി എന്നിവരുടെ കഴിവിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ലോക്കൽ ഭാരവാഹികളിൽ ബ്രദർ വെസ്ലി മാത്യു, ബ്രദർ ഷാജി മണിയാറ്റ് എന്നിവർ തങ്ങളുടെ ചുമതലകൾ നന്നായി നിർവ്വഹിച്ചു. ലോക്കൽ തലത്തിൽ ചിട്ടയോടെ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിൽ ബ്രദർ വെസ്ലി മാത്യു വഹിച്ച പങ്കിനെ മറക്കാനാവുന്നില്ല. മ്യൂസിക്ക് കോർഡിനേറ്റർമാരായ ബ്രദർ ജിജോ മാത്യു, വിൽസൺ തരകൻ പ്രയർ കോർഡിനേറ്റർ പാസ്റ്റർ തങ്കച്ചൻ മത്തായി കൂടാതെ ഡോ. പ്രമോദ് തോമസ്, ഫിന്നി സാം, ഡാനി ബെഞ്ചമിൻ എന്നിവർ നടത്തിയ പ്രവർത്തനങ്ങളും അഭിമാനം അർഹിക്കുന്നു.

പെന്തെക്കോസ്ത് വിശ്വാസികൾ ഐക്യമായി നടത്തുന്ന മഹാസമ്മേളനമാണ് പിസിനാക്ക് .1982-ൽ ഒക്കലഹോമയിൽ ആയിരുന്നു ആദ്യത്തെ സമ്മേളനം. തുടർന്ന് ഇന്ന് വരെയും മുടങ്ങാതെ നടക്കുവാൻ സർവ്വശക്തനായ ദൈവം ഇടയാക്കി. മറ്റ് ചില രാജ്യങ്ങളിൽ ഐക്യസമ്മേളനങ്ങൾ ചെറിയ നിലയിൽ ഇപ്പോൾ നടന്നു വരുന്നുണ്ടെങ്കിൽ പോലും ഏറ്റവും വലിയ സമ്മേളനങ്ങൾ നടക്കുന്നത് അമേരിക്കയിൽ മാത്രമാണ്. ഗൾഫ് രാജ്യങ്ങളിലുള്ള ദൈവദാസന്മാർ ഇത്തരം ഒരു സമ്മേളനം നടത്തുന്നതിനെകുറിച്ച് എന്തുകൊണ്ട് ചിന്തിക്കുന്നില്ല എന്നത് ആശ്ചര്യകരമായി തോന്നുന്നു.

അടുത്ത വർഷത്തെ സമ്മേളനം ഒഹായോ സ്റ്റേറ്റിലും 2018-ൽ ബോസ്റ്റണിലുമാണ് നടക്കുന്നത്. ഒരു പക്ഷെ ഈ വർഷം നടന്ന സമ്മേളനം പോലെ ബൃഹുത്തായ സംഗമം ആയില്ലെങ്കിലും അനുഗ്രഹിക്കപ്പെട്ട നിലയിൽ തന്നെ നടക്കുമെന്ന് പ്രത്യാശിക്കുന്നു.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.